# 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1. | ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | vii |
| 3. | വിയോജനക്കുറിപ്പ് | .. | xi |
| 4. | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി VI—വിദ്യാഭ്യാസം
## (2011-2013)

ഘടന

<u>ചെയർമാൻ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

ശ്രീ. കെ. ബി. ഗണേഷ് കുമാർ,
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. എം. എ. ബേബി

,, ഇ. ചന്ദ്രശേഖരൻ

ഡോ. കെ. ടി. ജലീൽ

ശ്രീ. ജോസഫ് വാഴക്കൻ

,, റ്റി. വി. രാജേഷ്

,, ഷാഫി പറമ്പിൽ

,, എം. ഉമ്മർ

,, പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി

,, തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

## 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കായി അയച്ച 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ (ബിൽ നമ്പർ 204), കമ്മിറ്റി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ 2013 മാർച്ച് 17-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2013 മാർച്ച് 25-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. സമിതി 2013 മാർച്ച് 25-ാം തീയതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

### ഖണ്ഡം 2

ഉപഖണ്ഡം (എം)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും നിലവിലുള്ള (എൻ) മുതൽ (വി) വരെയുള്ള ഉപഖണ്ഡങ്ങൾ യഥാക്രമം (ഒ) മുതൽ (ഡബ്ല്യൂ) വരെയായി പുനഃരക്ഷരം ചെയ്യുകയും ചെയ്യുക:

"(എൻ) പ്രോ-വൈസ് ചാൻസിലർ എന്നാൽ സർവ്വകലാശാലയുടെ പ്രോ-വൈസ് ചാൻസലർ എന്നർത്ഥമാകുന്നു"

### ഖണ്ഡം 5

ഉപഖണ്ഡം (എ) യിൽ 'പ്രാദേശിക ഭാഷാ പഠനം' എന്ന വാക്കുകൾക്ക് ശേഷം 'കേരള നവോത്ഥാന ചരിത്ര പഠനം' എന്ന വാക്കുകൾ ചേർക്കുക:

### ഖണ്ഡം 7

ഉപഖണ്ഡം (xiv) താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക.

"തുടക്കത്തിൽ എഴുത്തച്ഛൻ, സ്വാതി തിരുനാൾ, രാജാരവിവർമ്മ, കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ, സി.വി. രാമൻപിള്ള, ഹെർമ്മൻ ഗുണ്ടർട്ട് എന്നിവരുടെ പേരിൽ ചെയറുകളും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ മറ്റ് ചെയറുകളും സ്ഥാപിക്കുകയും ചെയ്യുക"

ഖണ്ഡം 9

ഉപഖണ്ഡം (എ) യിൽ

1. ഇനം (iv) ആയി പ്രോ-വൈസ് ചാൻസലർ എന്ന വാക്കുകൾ ചേർക്കുക.
2. നിലവിലുള്ള (iv) മുതൽ (xiii) വരെയുള്ള ഇനങ്ങൾ (v) മുതൽ (xiv) വരെയായി പുനരക്കം ചെയ്യുക.
3. അപ്രകാരം പുനരക്കം ചെയ്ത ഇനം (xiv)-ൽ 'സെക്രട്ടറി' എന്ന വാക്കിന് പകരം 'ചെയർമാൻ' എന്ന വാക്ക് ചേർക്കുക.
4. ഇനം (xv) ആയി 'മലയാളം മിഷൻ ഡയറക്ടർ' എന്ന വാക്കുകൾ ചേർക്കുക.
5. നിലവിലുള്ള (xiv) മുതൽ (xxvi) വരെയുള്ള ഇനങ്ങൾ (xvi) മുതൽ (xxviii) വരെയായി പുനരക്കം ചെയ്യുക.

ഉപഖണ്ഡം (ബി) യിൽ ഇനം (i) താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക:

"വിവിധ മേഖലകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എഴുത്തുകാർ, പണ്ഡിതർ, അവതരണ കലാകാരൻമാർ തുടങ്ങി ശ്രേഷ്ഠരായ എട്ട് പേർ അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതി അല്ലെങ്കിൽ പട്ടിക ഗോത്ര വർഗ്ഗത്തിൽപ്പെട്ട ആളും ആയിരിക്കേണ്ടതാണ്."

ഖണ്ഡം 13

ഉപഖണ്ഡം (എ) യിൽ ഇനം (ii) ആയി പ്രോ-വൈസ്ചാൻസലർ എന്ന വാക്കുകൾ ചേർക്കുകയും നിലവിലുള്ള (ii) മുതൽ (vi) വരെയുള്ള ഇനങ്ങൾ (iii) മുതൽ (vii) വരെയായി പുനരക്കം ഇടുകയും ചെയ്യുക.

ഖണ്ഡം 28

ഇനം (ii) ആയി പ്രോ-വൈസ്ചാൻസലർ എന്ന വാക്ക് ചേർക്കുകയും നിലവിലുള്ള ഇനം (ii) മുതൽ (ix) വരെയുളള ഇനങ്ങൾ (iii) മുതൽ (x) വരെയായി പുനരക്കം ഇടുകയും ചെയ്യുക.

ഖണ്ഡം 31

30-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം, ഖണ്ഡം 31 ആയി ചേർക്കേണ്ടതും നിലവിലുള്ള 31 മുതൽ 59 വരെയുള്ള ഖണ്ഡങ്ങൾ യഥാക്രമം 32 മുതൽ 60 വരെയായി പുനരക്കം ഇടുകയും ചെയ്യുക:—

"31. പ്രോ-വൈസ്-ചാൻസലർ.—(1) ചാൻസലർ, സർവ്വകലാശാലയ്ക്കുവേണ്ടി ഒരു പ്രോ-വൈസ് ചാൻസലറെ നിയമിക്കേണ്ടതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ആൾക്ക് അൻപത്തിയാറ് വയസ്സ് കവിയാൻ പാടില്ലാത്തതാണ്.

(3) പ്രോ-വൈസ് ചാൻസലറുടെ നിയമന കാലാവധി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചുവർഷമായിരിക്കുന്നതും, അദ്ദേഹം സർവ്വകലാശാല യുടെ ഒരു മുഴുവൻസമയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതുമാണ്.

(4) പ്രോ-വൈസ് ചാൻസലറുടെ ശമ്പളവും മറ്റു സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന വിധമായിരിക്കുന്നതാണ്.

(5) ഈ ആക്റ്റിലേയും, സ്റ്റാറ്റ്യൂട്ടുകളിലേയും, ഓർഡിനൻസുകളിലേയും, റെഗുലേഷനുകളിലേയും വ്യവസ്ഥകൾക്കു വിധേയമായി പ്രോ-വൈസ്-ചാൻസലറുടെ അധികാരങ്ങളും ചുമതലകളും വൈസ്-ചാൻസലറുമായി കൂടിയാലോചിച്ച് ചാൻസലർ തീരുമാനിക്കേണ്ടതാണ്."

ഖണ്ഡം 39

പുനരക്കം ചെയ്ത 39-ാം ഖണ്ഡം (5)-ാം ഉപഖണ്ഡത്തിൽ 'വൈസ് ചാൻസലറും' എന്ന വാക്കിന് ശേഷം 'പ്രോ-വൈസ്-ചാൻസലറും' എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 45

പുനരക്കം ചെയ്ത 45-ാം ഖണ്ഡത്തിൽ (ജി) ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുകയും തുടർന്നുള്ള ഇനങ്ങൾ (ഐ) മുതൽ (എം) വരെയായി പുനരക്ഷരം ചെയ്യുകയും ചെയ്യുക:

"(എച്ച്) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റു സേവന വ്യവസ്ഥകളും;"

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VI.*

തിരുവനന്തപുരം,
2012 മാർച്ച് 25.

## വിയോജനക്കുറിപ്പ്

താഴെപ്പറയുന്ന കാരണങ്ങളാൽ ഞങ്ങൾ ഈ ബില്ലിനോട് വിയോജനം രേഖപ്പെടുത്തുന്നു:

1. വൈജ്ഞാനിക മാനവിക വിഷയങ്ങളിൽ ബിരുദതലംവരെ മലയാളത്തിൽ കൈകാര്യം ചെയ്യാൻ അദ്ധ്യാപകരെയും, വിദ്യാർത്ഥികളെയും പര്യാപ്തരാക്കാൻ ഉതകുന്ന പഠന ഗവേഷണ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കിയിട്ടില്ല.

2. ബിരുദ-ബിരുദാനന്തര വൈജ്ഞാനിക ഗ്രന്ഥങ്ങൾ മലയാളത്തിൽ ലഭ്യമാക്കാൻ ആവശ്യമായ പഠനഗവേഷണ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കിയിട്ടില്ല.

3. ബിരുദ-ബിരുദാനന്തര തലത്തിൽ മലയാളം നിർബന്ധ ഭാഷയായി പഠിച്ച് ശാസ്ത്ര മാനവിക വിഷയങ്ങളിൽ ബിരുദം നേടുവാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ട കോഴ്സുകൾ ലക്ഷ്യമാക്കിയിട്ടില്ല.

4. മലയാള ഭാഷയിലും അനുബന്ധ വിഷയങ്ങളിലും സംയോജിത ബിരുദാനന്തര കോഴ്സുകൾ വിഭാവനം ചെയ്തിട്ടില്ല.

5. മലയാളഭാഷയിലും അനുബന്ധ വിഷയങ്ങളിലും ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന കാര്യങ്ങൾ ലക്ഷ്യമാക്കിയിട്ടില്ല.

6. കേരളത്തിന്റെ സംസ്കാരവും ഭാഷയും പരിപോഷിപ്പിക്കാൻ ഉതകുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കൽ ലക്ഷ്യമാക്കിയിട്ടില്ല.

7. സർവ്വകലാശാലയുടെ ആവശ്യത്തിന് നിക്ഷിപ്തമാക്കിയിട്ടുള്ളതോ ആർജ്ജിച്ചിട്ടുള്ളതോ ആയ സ്ഥാവരജംഗമ വസ്തുക്കൾ പാട്ടത്തിന് നൽകുന്നതിനും വിൽക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

8. ഭരണാധികാരികളുടെ താല്പര്യസംരക്ഷണാർത്ഥം രണ്ട് പൊതുപ്രവർത്തകരെ നാമനിർദ്ദേശം ചെയ്യാൻ വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ

9. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന വിദഗ്ദ്ധാംഗങ്ങളിൽ വനിതകൾക്ക് സംവരണം ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്യാത്തതിനാൽ

10. മറ്റു സർവ്വകലാശാലകളിൽ ഉള്ളതുപോലെ, നിയമസഭാ അംഗങ്ങൾക്ക് സെനറ്റിലേക്കോ, സിൻഡിക്കേറ്റിലേക്കോ തെരഞ്ഞെടുക്കപ്പെടാൻ അവകാശം നൽകിയിട്ടില്ല.

11. ജനറൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിൽ പട്ടികജാതി വിഭാഗത്തിനോ പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിനോ വനിതകൾക്കോ സംവരണത്തിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ.

12. ലോകമെമ്പാടുമുള്ള മലയാളികൾക്ക് തങ്ങളുടെ പൈതൃകവും ഭാഷയും സമ്പന്നമാക്കാൻ ആവശ്യമായ പഠനപ്രവർത്തനങ്ങൾ ലക്ഷ്യമാക്കിയിട്ടില്ല.

13. തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ അപേക്ഷിച്ച് എക്സ്-ഒഫീഷ്യോ അംഗങ്ങൾക്ക് അമിത പ്രാധാന്യം നൽകി ജനാധിപത്യ സ്വഭാവത്തിന് കോട്ടം വരുത്തിയിരിക്കുന്നു.

14. സർവ്വകലാശാലയിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ വ്യവസ്ഥ ചെയ്തിട്ടില്ല.

1. ഡോ. കെ. ടി. ജലീൽ, എം.എൽ.എ. (ഒപ്പ്)
2. റ്റി. വി. രാജേഷ്, എം.എൽ.എ. (ഒപ്പ്)

# 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ളത്)

[അടിവരയിട്ടതും വശത്തുവരച്ചതും കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു.]

മലയാള ഭാഷയുടേയും സാഹിത്യത്തിന്റേയും കേരള സംസ്ക്കാരത്തിന്റേയും പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനും ഏകാംഗീകരിക്കുന്നതിനും വേണ്ടിയുള്ള

ഒരു

ബിൽ

പീഠിക.—മലയാള ഭാഷയുടേയും സാഹിത്യത്തിന്റേയും കേരള സംസ്ക്കാരത്തിന്റേയും പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതും ഏകാംഗീകരിക്കുന്നതും യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

## അദ്ധ്യായം I

## പ്രാരംഭം

1. ചുരുക്കപ്പേരും ആരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012, നവംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അക്കാഡമിക് കൗൺസിൽ" എന്നാൽ 16-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട സർവ്വകലാശാലയുടെ അക്കാഡമിക് കൗൺസിൽ എന്നർത്ഥമാകുന്നു ;

(ബി) "അധികാരസ്ഥാനം" എന്നാൽ 8-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനം എന്നർത്ഥമാകുന്നു ;

(സി) "പഠന ബോർഡ്" എന്നാൽ സർവ്വകലാശാലയുടെ പഠന ബോർഡ് എന്നർത്ഥമാകുന്നു ;

(ഡി) "ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ ചാൻസലർ എന്നർത്ഥമാകുന്നു ;

(ഇ) "ഡീൻ" എന്നാൽ സർവ്വകലാശാലയുടെ ഒരു ഫാക്കൽറ്റിയുടെ ഡീൻ എന്നർത്ഥമാകുന്നു ;

(എഫ്) "നിർവ്വാഹകസമിതി" എന്നാൽ സർവ്വകലാശാലയുടെ നിർവ്വാഹക സമിതി എന്നർത്ഥമാകുന്നു ;

(ജി) "ഫാക്കൽറ്റി" എന്നാൽ സർവ്വകലാശാലയുടെ ഫാക്കൽറ്റി എന്നർത്ഥമാകുന്നു ;

(എച്ച്) "ഫാക്കൽറ്റി ഉപദേശക സമിതി" എന്നാൽ ഓരോ ഫാക്കൽറ്റിക്കുമുള്ള ഉപദേശകസമിതി എന്നർത്ഥമാകുന്നു ;

(ഐ) "ജനറൽ കൗൺസിൽ" എന്നാൽ സർവ്വകലാശാലയുടെ ജനറൽ കൗൺസിൽ എന്നർത്ഥമാകുന്നു ;

(ജെ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(കെ) "ഉദ്യോഗസ്ഥൻ" എന്നാൽ ഈ ആക്റ്റിലെ V-ാം അദ്ധ്യായത്തിൻ കീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള സർവ്വകലാശാലയുടെ ഉദ്യോഗസ്ഥൻ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം ഉദ്യോഗസ്ഥനെന്ന് സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു ;

(എൽ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളാലോ, ഓർഡിനൻസുകളാലോ, റഗുലേഷനുകളാലോ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(എം) "പ്രോ-ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ പ്രോ-ചാൻസലർ എന്നർത്ഥമാകുന്നു ;

(എൻ) പ്രോ-വൈസ് ചാൻസിലർ എന്നാൽ സർവ്വകലാശാലയുടെ പ്രോ-വൈസ്-ചൊൻസലർ എന്നർത്ഥമാകുന്നു ;

(ഒ) "രജിസ്ട്രാർ" എന്നാൽ സർവ്വകലാശാലയുടെ രജിസ്ട്രാർ എന്നർത്ഥമാകുന്നു ;

(പി) "ഗവേഷണ കൗൺസിൽ" എന്നാൽ സർവ്വകലാശാലയുടെ ഗവേഷണ കൗൺസിൽ എന്നർത്ഥമാകുന്നു ;

(ക്യൂ) ''സ്കൂൾ'' എന്നാൽ ഈ ആക്റ്റ് പ്രകാരം സ്ഥാപിച്ചിട്ടുള്ള സർവ്വകലാശാലയിലെ ഒരു സ്കൂൾ എന്നർത്ഥമാകുന്നു ;

(ആർ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു ;

(എസ്) "സ്റ്റാറ്റ്യൂട്ടുകൾ", "ഓർഡിനൻസുകൾ", "റഗുലേഷനുകൾ" എന്നാൽ യഥാക്രമം ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ എന്നർത്ഥമാകുന്നു ;

(റ്റി) ''വിദ്യാർത്ഥി'' എന്നാൽ ഒരു ഡിഗ്രി, ഡിപ്ലോമ അല്ലെങ്കിൽ യഥാവിധി ഏർപ്പെടുത്തിയിട്ടുള്ള മറ്റ് അക്കാഡമിക് യോഗ്യതയ്ക്കുള്ള ഒരു കോഴ്സ് പഠിക്കുന്നതിനായി സർവ്വകലാശാലയിൽ പേര് ചേർത്തിട്ടുള്ള ഒരു ആൾ എന്നർത്ഥമാകുന്നു ;

(യു) "അദ്ധ്യാപകൻ" എന്നാൽ ബോധനം നൽകുന്നതിനോ ഗവേഷണമോ മറ്റ് പ്രോജക്റ്റുകളോ പദ്ധതികളോ നടത്തുവാൻ മാർഗ്ഗനിർദ്ദേശം നൽകുന്നതിനോ വേണ്ടി സർവ്വകലാശാല നിയമിച്ചതോ അംഗീകരിച്ചതോ ആയ ആൾ എന്നർത്ഥമാകുന്നതും അതിൽ അദ്ധ്യാപകനെന്ന് സ്റ്റാറ്റ്യൂട്ടുകളാൽ നിർദ്ദേശിച്ചിട്ടുള്ള മറ്റ് ഏതെങ്കിലും ആൾ ഉൾപ്പെടുന്നതുമാകുന്നു ;

(വി) "സർവ്വകലാശാല" എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ടതും ഏകാംഗീകരിക്കപ്പെട്ടതുമായ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല എന്നർത്ഥമാകുന്നു ;

(ഡബ്ല്യൂ) ''വൈസ്-ചാൻസലർ'' എന്നാൽ സർവ്വകലാശാലയുടെ വൈസ്-ചാൻസലർ എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## സർവ്വകലാശാല

3. സർവ്വകലാശാല.—(1) "തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല" എന്ന പേരിൽ ഒരു സർവ്വകലാശാല സ്ഥാപിക്കേണ്ടതും അതിൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു ചാൻസലർ, ഒരു പ്രോ-ചാൻസലർ, ഒരു വൈസ്-ചാൻസലർ, ഒരു ജനറൽ കൗൺസിൽ, ഒരു നിർവ്വാഹക സമിതി, ഒരു അക്കാഡമിക് കൗൺസിൽ, ഒരു ഗവേഷണ കൗൺസിൽ, ഫാക്കൽറ്റി ഉപദേശക സമിതികൾ, പഠന ബോർഡുകൾ, കൂടാതെ മറ്റ് അധികാരസ്ഥാനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്നതുമാണ്.

(2) സർവ്വകലാശാല ശാശ്വത പിൻതുടർച്ചാവകാശത്തോടും ഒരു പൊതുമുദ്രയോടും കൂടിയ ഒരു ഏകാംഗീകൃത നികായം ആയിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) സർവ്വകലാശാലയുടെ ആവശ്യങ്ങൾക്കായി അതിന് സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും സർവ്വകലാശാലയുടെ ആവശ്യത്തിന് നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ളതോ ആർജ്ജിച്ചിട്ടുള്ളതോ ആയ സ്ഥാവരമോ ജംഗമമോ ആയ ഏതൊരു വസ്തുവും പാട്ടത്തിന് നൽകുന്നതിനോ വിൽക്കുന്നതിനോ മറ്റുവിധത്തിൽ കൈമാറ്റം ചെയ്യുന്നതിനോ സംസ്ഥാന സർക്കാരിൽ നിന്നോ

കേന്ദ്രസർക്കാരിൽ നിന്നോ നിയമപരമായി രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും ഏകാംഗീകൃത നികായത്തിൽ നിന്നോ സംഘടനകളിൽ നിന്നോ ഫണ്ടുകളിൽ നിന്നോ വ്യക്തികളിൽ നിന്നോ ഗ്രാന്റുകളോ വായ്പകളോ കൈപ്പറ്റുന്നതിനും കരാറിലേർപ്പെടുന്നതിനും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി വേണ്ടതായ മറ്റ് എല്ലാ കാര്യങ്ങളും ചെയ്യുന്നതിനും ക്ഷമതയുണ്ടായിരിക്കുന്നതാണ്.

(4) സർവ്വകലാശാലയ്ക്കു വേണ്ടിയോ അതിന് എതിരായോ ഉള്ള എല്ലാ വ്യവഹാരങ്ങളിലെയും മറ്റ് നിയമ നടപടികളിലെയും വാദങ്ങളിൽ രജിസ്ട്രാർ ഒപ്പുവയ്ക്കേണ്ടതും സത്യബോധപ്പെടുത്തേണ്ടതും അങ്ങനെയുള്ള വ്യവഹാരങ്ങളിലെയും നടപടികളിലെയും എല്ലാ പ്രോസസ്സുകളും രജിസ്ട്രാർക്ക് നൽകേണ്ടതും നടത്തേണ്ടതുമാണ്.

(5) സർവ്വകലാശാലയുടെ ആസ്ഥാനം മലപ്പുറം ജില്ലയിലെ തിരൂർ ആയിരിക്കുന്നതാണ്.

4. പ്രാദേശിക പ്രവർത്തനപരിധി.—(1) സർവ്വകലാശാലയുടെ പ്രാദേശിക പ്രവർത്തനപരിധി സംസ്ഥാനം മുഴുവനും വ്യാപിക്കുന്നതാണ്.

(2) സർവ്വകലാശാലയ്ക്ക് അതിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനായി ഒരു സ്കൂളിനോ നിരവധി സ്കൂളുകൾക്കോ ഫാക്കൽറ്റികൾക്കോ കീഴിൽ കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതും കേരളത്തിനു പുറത്തോ ഭാരതത്തിനു പുറത്തോ ഒരു പരിമിതമായ കാലയളവിലേക്ക് ഗവേഷണ പദ്ധതികളോ മറ്റ് അക്കാഡമിക പദ്ധതികളോ ഏറ്റെടുക്കാവുന്നതുമാണ്.

(3) സർവ്വകലാശാലയുടെ അധികാരിതയ്ക്കും അധികാരത്തിനും കീഴിൽ വരുന്ന മറ്റ് സ്ഥാപനങ്ങളോടൊപ്പം എല്ലാ സ്കൂളുകളും ഗവേഷണവും പദ്ധതികളും സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടേയും അധികാരസ്ഥാനങ്ങളുടേയും പൂർണ്ണമായ നടത്തിപ്പിനും നിയന്ത്രണത്തിലുമുള്ള സർവ്വകലാശാലയുടെ ഘടകമായിരിക്കുന്നതും എന്നാൽ ഏതൊരു കോളേജിനെയോ അല്ലെങ്കിൽ ഏതെങ്കിലും മറ്റ് സ്ഥാപനത്തെയോ ഒരു അഫിലിയേറ്റ് ചെയ്ത ഘടകമായി അംഗീകരിക്കുവാൻ പാടില്ലാത്തതുമാണ്.

5. സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ.—സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ ഇനിപ്പറയുന്നവയാണ്, അതായത്:—

(എ) മലയാള സാഹിത്യത്തിന്റെയും മലയാള ഭാഷയുടെയും ഭാഷാശാസ്ത്രത്തിന്റെയും, താരതമ്യ സാഹിത്യത്തിന്റെയും, മലയാള നിരൂപണ പഠനം, പുരാവസ്തു, പുരാരേഖ, ദക്ഷിണേന്ത്യൻ ഭാഷാലിപികളുടെ പരിണാമം, ലിപിചരിത്രം, ഗോത്രഭാഷാ പഠനം, പ്രാദേശിക ഭാഷാ പഠനം, കേരള നവോത്ഥാന ചരിത്ര പഠനം, എപ്പിഗ്രാഫി, ആർക്കിയോളജിയും മ്യൂസിയോളജിയും, മലയാളത്തിൽ നിന്നും മലയാളത്തിലേക്കും ഉള്ള തർജ്ജമയുടെയും വ്യത്യസ്ത മേഖലകളിൽ ബിരുദാനന്തരബിരുദ തലത്തിൽ വിദ്യാഭ്യാസം നൽകുക ;

(ബി) കേരള സംസ്കാരത്തിന്റെ വിവിധങ്ങളായ ആവിഷ്ക്കാരങ്ങളിലും പ്രത്യേകിച്ച് നാടൻ കലകൾ, ദുർഗ്രഹമായ സാംസ്കാരിക ഭാവാവിഷ്ക്കാരങ്ങൾ, അവതരണ കലകൾ, പാരമ്പര്യ വാസ്തു വിദ്യ, നാടോടി കഥകൾ, ശാസ്ത്രീയവും സമകാലീനവുമായ സംഗീതം, അരങ്ങ്, ആലേഖന കലകൾ, ഫോക്‌ലോർ പഠനം, കളരി എന്നീ മേഖലകളിൽ വിദ്യാഭ്യാസം നൽകുക ;

(സി) കേരളത്തിന്റെ പൈതൃകത്തിലും പാരമ്പര്യ വിജ്ഞാന സമ്പ്രദായ ങ്ങളിലും സാംസ്കാരിക നരവംശ ശാസ്ത്രത്തിലും നൂതന സാങ്കേതികവിദ്യാപരിചയ ത്തോടെയുള്ള മാധ്യമ പഠനങ്ങളിലും പഠനകോഴ്സുകൾ ലഭ്യമാക്കുക ;

(ഡി) മലയാളം ലിപി കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുമായി കൂടുതൽ പൊരുത്തപ്പെടുത്തുന്നതിനും ശാസ്ത്രത്തിലും സാങ്കേതിക വിദ്യയിലുമുള്ള ആധുനിക അറിവ് പ്രകടിപ്പിക്കുന്നതിന് മലയാളത്തെ സജ്ജമാക്കുന്നതിനുംവേണ്ടി കേരളത്തിന്റെ സംസ്കാരം, പൈതൃകം, ഭാഷ, സാഹിത്യം എന്നിവയുടെ പൊതുവായ പശ്ചാത്തല ത്തിൽ പ്രത്യേക മേഖലകളിൽ ഗവേഷണ പദ്ധതികളുടെ ഏറ്റെടുക്കൽ ;

(ഇ) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് അമൂല്യങ്ങളായ കൈയെഴുത്ത് പ്രതികൾ ഉൾപ്പെടെ കേരളത്തിന്റെ സാംസ്കാരിക ഭാവാവിഷ്ക്കാരങ്ങളുടെ ശേഖരണത്തിനും രേഖയാക്കുന്നതിനും സംരക്ഷണത്തിനും പട്ടിക തയ്യാറാക്കുന്നതിനു മുള്ള പ്രോജക്ടുകളുടെ ഏറ്റെടുക്കൽ.

6. സർവ്വകലാശാലയിലേക്കുള്ള പ്രവേശനം.—(1) സർവ്വകലാശാലയിൽ, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്കു വിധേയമായി, എല്ലാ ആളുകൾക്കും പ്രവേശനം ഉണ്ടായിരിക്കുന്നതാണ് :

എന്നാൽ ഈ വകുപ്പിലുള്ള യാതൊന്നും തന്നെ, പ്രവേശനത്തിനുവേണ്ടതായ നിർണ്ണയിക്കപ്പെട്ട അക്കാദമിക നിലവാരമില്ലാത്ത ഏതെങ്കിലും ആളെ ഏതെങ്കിലും പഠനകോഴ്സിലേക്ക് പ്രവേശിപ്പിക്കുന്നതിനോ ഒരു ഡിഗ്രിയോ ഡിപ്ലോമയോ സർട്ടിഫി ക്കറ്റോ നൽകുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ നിലവാരത്തേക്കാൾ താഴ്ന്ന അക്കാഡമിക റിക്കാർഡുകളുള്ളതോ മറ്റു വിദ്യാർത്ഥികളുടെയോ ജീവനക്കാരുടെയോ അവകാശങ്ങൾക്കോ പ്രത്യേകാവകാശങ്ങൾക്കോ ഹാനിയുണ്ടാക്കുന്ന തരത്തിലുള്ള വ്യക്തിപരമായ പെരുമാറ്റമുള്ളതോ ആയ ഒരാളെ സർവ്വകലാശാലയുടെ പ്രവേശനപ്പട്ടിക യിൽ നിലനിർത്തുന്നതിനോ അക്കാഡമിക് കൗൺസിൽ നിശ്ചയിക്കുന്ന പ്രകാര മൊഴികെ കൂടുതൽ വിദ്യാർത്ഥികളെ ഏതെങ്കിലും ഒരു പഠനകോഴ്സിലേക്ക് പ്രവേശിപ്പി ക്കുന്നതിനോ സർവ്വകലാശാലയോട് ആവശ്യപ്പെടുന്നതായി കരുതുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലും സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലും പെടുന്നവർക്കും സീറ്റുകൾ സംവരണം ചെയ്യേണ്ടതാണെന്ന് സർവ്വകലാശാലയോട് സർക്കാരിന് നിർദ്ദേശിക്കാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ആളുകളെ സംബന്ധിച്ച് സർവ്വകലാശാല നിശ്ചയിച്ചി ട്ടുള്ള ആവശ്യമായ ഏറ്റവും കുറഞ്ഞ നിലവാരം അവനോ അവൾക്കോ ഇല്ലാത്തപക്ഷം സർവ്വകലാശാലയിൽ പ്രവേശനം ലഭിക്കുന്നതിന് അവർക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

7. സർവ്വകലാശാലയുടെ അധികാരങ്ങളും ചുമതലകളും.—സർവ്വകലാശാലയ്ക്ക് ഇനിപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) മലയാള ഭാഷയിലും സാഹിത്യത്തിലും തർജ്ജമയിലും താരതമ്യ സാഹിത്യത്തിലും കേരളത്തിലെ നാടോടി, ശാസ്ത്രീയ, അനുഷ്ഠാന കലകളിലും ഗോത്ര സംസ്കാരത്തിലും കേരളത്തിന്റെ പാരമ്പര്യ വിജ്ഞാന സമ്പ്രദായങ്ങളിലും നാടോടി കഥകളിലും ഫോക്‌ലോർ പഠനത്തിലും കളരി പഠനത്തിലും സാംസ്കാരിക

പഠനങ്ങളിലും നൂതനസാങ്കേതികവിദ്യാപരിചയത്തോടെയുള്ള മാധ്യമ പഠനങ്ങളിലും സർവ്വകലാശാലയ്ക്ക് യുക്തമെന്ന് തോന്നുന്ന അനുബന്ധ ശാഖകളിലും ബോധനം നൽകുക ;

(ii) മലയാള ഭാഷ, ഭാഷാശാസ്ത്രം, മലയാള സാഹിത്യം, താരതമ്യ സാഹിത്യം, കേരളത്തിന്റെ തനതായ സാംസ്ക്കാരിക ആവിഷ്ക്കാരങ്ങളുടെ വിവിധ ഭാവങ്ങൾ, സമകാലീന സാംസ്ക്കാരിക വിഷയങ്ങൾ എന്നീ മേഖലകളിൽ ഗവേഷണം ഏറ്റെടുത്തു നടത്തുക ;

(iii) മലയാള ലിപി കമ്പ്യൂട്ടർ ഉപയോഗത്തിന് കൂടുതൽ അനുയോജ്യമാക്കി തീർക്കുന്നതിനും ശാസ്ത്രത്തിലും സാങ്കേതിക വിദ്യയിലും നൂതന ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനായി മലയാള ഭാഷയെ സമ്പുഷ്ടമാക്കുന്നതിനും ഉള്ള ഗവേഷണം ഏറ്റെടുത്ത് നടത്തുക ;

(iv) ബിരുദങ്ങളും ഡിപ്ലോമകളും മറ്റ് അക്കാഡമിക ബഹുമതികളും ഏർപ്പെടുത്തുക ;

(v) പഠനകോഴ്സുകൾ ഏർപ്പെടുത്തുകയും പരീക്ഷകൾ നടത്തുകയും പഠനകോഴ്സുകൾ എല്ലാ രീതിയിലും വിജയകരമായി പൂർത്തിയാക്കുന്ന ആളുകൾക്ക് ബിരുദങ്ങളും ഡിപ്ലോമകളും മറ്റ് അക്കാഡമിക ബഹുമതികളും നല്കുക ;

(vi) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഓണററി ബിരുദങ്ങളും മറ്റ് ബഹുമതികളും നൽകുക ;

(vii) സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ മുമ്പോട്ടുകൊണ്ടുപോകുന്നതിന് ഉതകുംവിധം സംസ്ഥാനത്തിനകത്തും രാജ്യത്തിനകത്തും ഏതെങ്കിലും മറ്റ് രാജ്യങ്ങളിലുള്ള സർവ്വകലാശാലകളുമായും മറ്റ് സ്ഥാപനങ്ങളുമായും സഹകരിക്കുക ;

(viii) സ്ഥാപിതമായിട്ടുള്ള ഫാക്കൽറ്റികൾക്ക് കീഴിൽ മലയാള ഭാഷാ പഠനം, മലയാള സാഹിത്യം, താരതമ്യ സാഹിത്യം, തർജ്ജമ, അവതരണ കലകൾ, ആലേഖനകലകളും വാസ്തു വിദ്യയും, സാംസ്കാരിക പഠനങ്ങൾ, നൂതനസാങ്കേതിക വിദ്യാപരിചയത്തോടെയുള്ള മാധ്യമ പഠനങ്ങൾ, പാരമ്പര്യ വിജ്ഞാന സമ്പ്രദായങ്ങൾ, തത്വചിന്ത തുടങ്ങിയ മേഖലകളിലും സർവ്വകലാശാലയ്ക്ക് പ്രതിപത്തിയും താല്പര്യവും ഉള്ള ഏതെങ്കിലും മറ്റ് മേഖലകളിലും പഠന സ്കൂളുകൾ സ്ഥാപിക്കുക ;

(ix) സർവ്വകലാശാലയുടെ പഠനകോഴ്സുകൾക്കും ഗവേഷണത്തിനും പ്രസക്തമായ ഒരു സർവ്വകലാശാല ലൈബ്രറി സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക ;

(x) ഒരു സാംസ്കാരിക മ്യൂസിയം സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക ;

(xi) സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അദ്ധ്യാപനത്തിനും ഗവേഷണത്തിനും മറ്റ് അക്കാദമിക പ്രവർത്തനങ്ങൾക്കുംവേണ്ട തസ്തികകൾ സൃഷ്ടിക്കുകയും ആ തസ്തികകളിലേക്ക് നിർണ്ണയിക്കപ്പെടുന്ന യോഗ്യതകൾ ഉള്ള ആളുകളെ നിയമിക്കുകയും ചെയ്യുക ;

(xii) സർക്കാർ അംഗീകരിക്കുന്ന പ്രകാരം ഭരണപരമായ തസ്തികകൾ സൃഷ്ടിക്കുകയും അങ്ങനെയുള്ള തസ്തികകളിൽ നിർണ്ണയിക്കപ്പെടുന്ന യോഗ്യതകളുള്ള ആളുകളെ നിയമിക്കുകയും ചെയ്യുക ;

(xiii) സ്റ്റാറ്റ്യൂട്ടുകൾ അനുസരിച്ച് ഫെല്ലോഷിപ്പുകളും സ്കോളർഷിപ്പുകളും സമ്മാനങ്ങളും ഏർപ്പെടുത്തുകയും നല്കുകയും ചെയ്യുക ;

(xiv) തുടക്കത്തിൽ എഴുത്തച്ഛൻ, സ്വാതി തിരുനാൾ, രാജാരവിവർമ്മ, കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ, സി.വി. രാമൻപിള്ള, ഹെർമ്മൻ ഗുണ്ടർട്ട് എന്നിവരുടെ പേരിൽ ചെയറുകളും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ മറ്റ് ചെയറുകളും സ്ഥാപിക്കുകയും ചെയ്യുക ;

(xv) വിശേഷ വിജ്ഞാനങ്ങൾ നൽകുന്ന പ്രഭാഷണങ്ങളും പഠനങ്ങളും പദ്ധതികളും നടത്തുന്നതിനായി എൻഡോവ്മെന്റുകൾ ഏർപ്പെടുത്തുക ;

(xvi) എമരേറ്റ്സ് പ്രൊഫസർമാരെ നിർണ്ണയിക്കുന്നപ്രകാരം നിയമിക്കുകയും ഭാരതത്തിനുള്ളിൽ നിന്നും പുറത്തുനിന്നുമുള്ള പ്രസിദ്ധരായ എഴുത്തുകാരെയും കലാകാരൻമാരെയും അവരുടെ അക്കാഡമിക യോഗ്യതകൾ കണക്കിലെടുക്കാതെ റൈറ്റർ/ആർട്ടിസ്റ്റ്/സ്കോളർ ഇൻ റസിഡൻസായും ക്ഷണിക്കുക ;

(xvii) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസും മറ്റു ചാർജ്ജുകളും നിശ്ചയിക്കുകയും ആവശ്യപ്പെടുകയും കൈപ്പറ്റുകയും ചെയ്യുക ;

(xviii) സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും അദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കും താമസസൗകര്യം ഏർപ്പെടുത്തുകയും പരിപാലിക്കുകയും ചെയ്യുക ;

(xix) സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ പെരുമാറ്റം, അച്ചടക്കം എന്നിവയ്ക്ക് മേൽനോട്ടം വഹിക്കുകയും അവരെ നിയന്ത്രിക്കുകയും അവരുടെ ആരോഗ്യവും ക്ഷേമവും അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്യുക ; കൂടാതെ

(xx) മുകളിൽ പറഞ്ഞിട്ടുള്ള അധികാരങ്ങൾക്കോ ചുമതലകൾക്കോ ആനുഷംഗികമായിരുന്നാലും അല്ലെങ്കിലും, സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ മുമ്പോട്ടു കൊണ്ടുപോകുന്നതിലേക്കായി ആവശ്യമാകുന്ന അങ്ങനെയുള്ള എല്ലാ പ്രവർത്തനങ്ങളും ചെയ്യുക.

## അദ്ധ്യായം III

## സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ

8. സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ.—ഇനി പറയുന്നവ സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ ആയിരിക്കുന്നതാണ്, അതായത്:—

(i) ജനറൽ കൗൺസിൽ

(ii) നിർവ്വാഹക സമിതി

(iii) അക്കാഡമിക് കൺസിൽ

(iv) ഗവേഷണ കൗൺസിൽ

(v) ഫാക്കൽറ്റി ഉപദേശക സമിതികൾ

(vi) ഫാക്കൽറ്റികൾ

(vii) പഠന ബോർഡുകൾ

(viii) സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ ആയിരിക്കുമെന്ന് സ്റ്റാറ്റ്യൂട്ടുകളാൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റ് നികായങ്ങൾ.

9. ജനറൽ കൗൺസിൽ.—ജനറൽ കൗൺസിലിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) **എക്സ്-ഒഫീഷ്യോ അംഗങ്ങൾ**

(i) ചാൻസലർ ;

(ii) പ്രോ-ചാൻസലർ ;

(iii) വൈസ്-ചാൻസലർ ;

(iv) പ്രോ-വൈസ്-ചാൻസലർ

(v) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി ;

(vi) ധനകാര്യ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി ;

(vii) സാംസ്കാരികകാര്യ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി ;

(viii) സർവ്വകലാശാലയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന പാർലമെന്റ് അംഗം ;

(ix) സർവ്വകലാശാലയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാ അംഗം ;

(x) വൈസ്-ചാൻസലർ, കേരള കലാമണ്ഡലം ;

(xi) കേരള സാഹിത്യ അക്കാഡമിയുടെ പ്രസിഡന്റ് ;

(xii) കേരള സംഗീത നാടക അക്കാഡമിയുടെ ചെയർമാൻ ;

(xiii) കേരള ലളിതകലാ അക്കാഡമിയുടെ ചെയർമാൻ ;

(xiv) കേരള ഫോക്‌ലോർ അക്കാഡമിയുടെ ചെയർമാൻ ;

(xv) മലയാളം മിഷൻ ഡയറക്ടർ ;

(xvi) കേരള പൈതൃക പഠനകേന്ദ്രത്തിന്റെ ഡയറക്ടർ ;

(xvii) വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ഡയറക്ടർ ;

(xviii) ഭാഷാപഠന ഫാക്കൽറ്റി ഉപദേശകസമിതിയുടെ ചെയർമാൻ ;

(xix) സാഹിത്യ ഫാക്കൽറ്റി ഉപദേശകസമിതിയുടെ ചെയർമാൻ ;

(xx) ആർട്സ് ഫാക്കൽറ്റി ഉപദേശകസമിതിയുടെ ചെയർമാൻ ;

(xxi) പൈതൃക പഠന ഫാക്കൽറ്റി ഉപദേശകസമിതിയുടെ ചെയർമാൻ ;

(xxii) പാരമ്പര്യ വിജ്ഞാന സമ്പ്രദായ ഫാക്കൽറ്റി ഉപദേശക സമിതിയുടെ ചെയർമാൻ ;

(xxiii) ഭാഷാ പഠന ഫാക്കൽറ്റിയുടെ ഡീൻ ;

(xxiv) സാഹിത്യ ഫാക്കൽറ്റിയുടെ ഡീൻ ;

(xxv) ആർട്സ് ഫാക്കൽറ്റിയുടെ ഡീൻ ;

(xxvi) പൈതൃക പഠന ഫാക്കൽറ്റിയുടെ ഡീൻ ;

(xxvii) പാരമ്പര്യ വിജ്ഞാന സമ്പ്രദായ ഫാക്കൽറ്റിയുടെ ഡീൻ ;

(xxviii) ഗവേഷണ കൗൺസിലിന്റെ വൈസ് ചെയർമാൻമാർ.

(ബി) **നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ**

(i) വിവിധ മേഖലകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എഴുത്തുകാർ, പണ്ഡിതർ, അവതരണ കലാകാരൻമാർ തുടങ്ങി ശ്രേഷ്ഠരായ എട്ട് പേർ അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതി അല്ലെങ്കിൽ പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ട ആളും ആയിരിക്കേണ്ടതാണ്.

(ii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സാഹിത്യത്തിലും സാംസ്കാരിക കാര്യങ്ങളിലും തൽപ്പരരായ രണ്ട് പൊതു പ്രവർത്തകർ.

(സി) **തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ**

(i) വിദ്യാർത്ഥികൾ അവർക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് പേർ ;

(ii) ഗവേഷണ വിദ്യാർത്ഥികൾ അവർക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് പേർ ;

(iii) സർവ്വകലാശാലയിലെ സ്കൂളുകളിലെ ഡയറക്ടർമാർ അവർക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് പേർ ;

(iv) സർവ്വകലാശാലയുടെ ഫുൾ-ടൈം അദ്ധ്യാപകർ അവർക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് അദ്ധ്യാപകർ ;

(v) സർവ്വകലാശാലയിലെ അദ്ധ്യാപകേതര ജീവനക്കാർ അവർക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് പേർ.

10. ജനറൽ കൗൺസിലിന്റെ കാലാവധി.—(1) ജനറൽ കൗൺസിലിന്റെ കാലാവധി മൂന്നു വർഷം ആയിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, എക്സ്-ഒഫിഷ്യോ അംഗങ്ങൾ ഒഴികെ ജനറൽ കൗൺസിലിലെ ഓരോ അംഗവും ജനറൽ കൗൺസിലിന്റെ പുനഃസംഘടന വരെ ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ് :

എന്നാൽ ഒരു പ്രത്യേക നികായത്തിലെ അംഗമെന്ന നിലയ്ക്കോ ഒരു പ്രത്യേക ഉദ്യോഗം വഹിക്കുന്ന ആൾ എന്ന നിലയ്ക്കോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ തിരഞ്ഞെടുക്കപ്പെടുകയോ ചെയ്യുന്ന ഏതൊരു അംഗവും അദ്ദേഹം അങ്ങനെയുള്ള ഉദ്യോഗം വഹിക്കുന്ന ആൾ അല്ലാതായി തീർന്നതിനുശേഷം മുപ്പതു ദിവസത്തിൽ കൂടുതൽ കാലത്തേക്ക് ജനറൽ കൗൺസിലിൽ ഔദ്യോഗിക സ്ഥാനം വഹിക്കാൻ പാടില്ലാത്തതാണ്.

(3) ഒരാൾ ജനറൽ കൗൺസിലിലെ അംഗമല്ലാതായിത്തീരുമ്പോൾ, ജനറൽ കൗൺസിലിലെ അംഗത്വം ഹേതുവായി അയാൾ അംഗമായി വന്നിട്ടുള്ള സർവ്വകലാ ശാലയുടെ ഏതൊരു അധികാരസ്ഥാനത്തിലും അയാൾ അംഗമല്ലാതായിത്തീരുന്നതാണ്.

11. ജനറൽ കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1) ജനറൽ കൗൺസിൽ സർവ്വകലാശാലയുടെ പരമാധികാരസ്ഥാനം ആയിരിക്കുന്നതും നിർവ്വാഹക സമിതിയുടേയും അക്കാഡമിക് കൗൺസിലിന്റേയും ഏതെങ്കിലും നടപടി ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലേയും അല്ലെങ്കിൽ റഗുലേഷനു കളിലേയും വ്യവസ്ഥകൾ അനുസരിച്ചല്ലാതെയാണെങ്കിൽ അപ്രകാരമുള്ള അധികാര സ്ഥാനങ്ങൾ സ്വീകരിച്ച ഏതൊരു നടപടിയും പുനഃപരിശോധിക്കാൻ ജനറൽ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ നിർവ്വാഹക സമിതിയോ അക്കാഡമിക് കൗൺസിലോ അവയിൽ നിക്ഷിപ്തമായ അധികാരങ്ങൾക്ക് അനുസൃതമായി പ്രവർത്തിച്ചിട്ടുണ്ടെന്നോ ഇല്ലെന്നോ ഉള്ള ഏതെങ്കിലും തർക്കവിഷയം ഉണ്ടാകുന്നപക്ഷം, ആ തർക്കവിഷയം ചാൻസലർക്ക് റഫർ ചെയ്യേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(2) ഈ ആക്റ്റിൽ മറ്റുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ ജനറൽ കൗൺസിലിന് ഇനിപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള വിശാല സമീപനത്തിനും നയങ്ങൾക്കും രൂപംനൽകുകയും അതിന്റെ പഠന, ഗവേഷണ പരിപാടികളിൽ ബൗദ്ധികവും അക്കാഡമികവുമായ ഉന്നതനിലവാരം കൈവരിക്കുന്നതിന് സർവ്വകലാശാലയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുക ;

(ബി) സർവ്വകലാശാല ഏതെല്ലാം ബിരുദങ്ങളും ഡിപ്ലോമകളും മറ്റ് അക്കാഡമിക് ബഹുമതികളുമാണ് നൽകേണ്ടത് എന്ന് തീരുമാനിക്കുക ;

(സി) സ്വമേധയായോ, നിർവ്വാഹക സമിതിയുടെ പ്രമേയപ്രകാരമോ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുകയോ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുക ;

(ഡി) നിർവ്വാഹക സമിതി പാസ്സാക്കിയ ഏതെങ്കിലും ഉത്തരവോ അക്കാഡമിക് കൗൺസിൽ പാസ്സാക്കിയ ഏതെങ്കിലും റഗുലേഷനോ റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യുക ;

(ഇ) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലേയും റഗുലേഷനുകളിലേയും വ്യവസ്ഥകൾ അനുസരിച്ച് പഠനമികവ് അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും മെഡലുകളും സമ്മാനങ്ങളും മറ്റ് രേഖകളും ഏർപ്പെടുത്തുക ;

(എഫ്) ജനറൽ കൗൺസിൽ ആവശ്യമെന്ന് കരുതുന്ന പ്രൊഫസർമാർ, റീഡർമാർ, അസിസ്റ്റന്റ് പ്രൊഫസർമാർ എന്നീ സ്ഥാനങ്ങളും അദ്ധ്യാപനത്തിനോ ഗവേഷണത്തിനോ അപ്രകാരമുള്ള മറ്റ് തസ്തികകളും ഏർപ്പെടുത്തുക ;

(ജി) കാലാകാലങ്ങളിൽ ആവശ്യമെന്ന് കരുതുന്ന വിസിറ്റർ, എമിറേറ്റ്സ് പ്രൊഫസർ, വിസിറ്റിംഗ് പ്രൊഫസർ, റൈറ്റർ ഇൻ റെസിഡൻസ്, ആർട്ടിസ്റ്റ് ഇൻ റസിഡൻസ്, സ്കോളർ ഇൻ റസിഡൻസ്, ഗുരുക്കൻമാർ എന്നീ സ്ഥാനങ്ങൾ ഏർപ്പെടുത്തുക ;

(എച്ച്) സർവ്വകലാശാലയിലെ ജീവനക്കാരുടെ സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും നിർണ്ണയിക്കുക ;

(ഐ) അദ്ധ്യാപകരുടെ വേതനം ക്രമീകരിക്കുകയും കർത്തവ്യങ്ങളും സേവന വ്യവസ്ഥകളും നിർണ്ണയിക്കുകയും ചെയ്യുക ;

(ജെ) നിർവ്വാഹകസമിതി ജനറൽ കൗൺസിൽ മുമ്പാകെ വയ്ക്കുന്ന സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ടും വാർഷിക കണക്കുകളും തുടർന്നുവരുന്ന സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിലെ യോഗത്തിൽ പുനഃപരിശോധിക്കുകയും അവ സംബന്ധിച്ച് അതിന് യുക്തമെന്ന് കരുതാവുന്ന അങ്ങനെയുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക ;

(കെ) നടപ്പു സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിൽ കൂടേണ്ട യോഗത്തിൽ ജനറൽ കൗൺസിൽ മുമ്പാകെ സമർപ്പിക്കേണ്ട സർവ്വകലാശാലയുടെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക ബഡ്ജറ്റ് ഭേദഗതിയോടുകൂടിയോ അല്ലാതെയോ അംഗീകരിക്കുക ;

(എൽ) ഏതെങ്കിലും ആൾക്ക് നൽകിയിട്ടുള്ള ഏതെങ്കിലും ബിരുദമോ ഡിപ്ലോമയോ പദവിയോ മറ്റേതെങ്കിലും ബഹുമതിയോ രേഖപ്പെടുത്തുന്ന വ്യക്തമായ കാരണങ്ങളാൽ, റദ്ദാക്കുകയോ പിൻവലിക്കുകയോ ചെയ്യുക ;

(എം) സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ രീതിയും ജനറൽ കൗൺസിലിന്റേയും നിർവ്വാഹകസമിതിയുടേയും സർവ്വകലാശാലയുടെ മറ്റ് അധികാരസ്ഥാനങ്ങളുടേയും യോഗങ്ങളിലെ നടപടിക്രമവും

സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനങ്ങളിലെ കാര്യനിർവ്വഹണത്തിന് ആവശ്യമായ അംഗങ്ങളുടെ ക്വാറവും ക്രമപ്പെടുത്തുന്നതിന് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുക ;

(എൻ) ബാധകമായ നിയമങ്ങൾക്കും നടപടിക്രമങ്ങൾക്കും അനുസൃതമായി ഭാരതത്തിനകത്തോ ലോകത്തെവിടെയെങ്കിലുമോ ഉള്ള മറ്റ് സർവ്വകലാശാലകളുമായും സ്ഥാപനങ്ങളുമായും യോജിച്ച് പ്രവർത്തിക്കുകയോ സഹകരിക്കുകയോ ചെയ്യുക, എന്നാൽ അങ്ങനെയുള്ള സഹകരണം സ്പഷ്ടമായും സർവ്വകലാശാലയുടെ അക്കാഡമികവും ബൗദ്ധികവുമായ താല്പര്യങ്ങൾ മുമ്പോട്ടു കൊണ്ടുപോകുന്നതിന് വേണ്ടിയുള്ളതാകണം ;

(ഒ) ഈ ആക്റ്റിനാലും സ്റ്റാറ്റ്യൂട്ടുകളാലും അതിന് ഏൽപ്പിച്ചു കൊടുത്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

12. ജനറൽ കൗൺസിലിന്റെ യോഗങ്ങൾ.—(1) കുറഞ്ഞത് നാല് മാസത്തിലൊരിക്കലെങ്കിലും വൈസ് ചാൻസലർ നിശ്ചയിക്കുന്ന തീയതികളിൽ, ജനറൽ കൗൺസിൽ യോഗം ചേരേണ്ടതും ഒരു സാമ്പത്തിക വർഷത്തിലെ ആദ്യയോഗത്തിൽ മുൻ വർഷത്തെ വാർഷിക റിപ്പോർട്ടും കണക്കുകളും സമർപ്പിക്കേണ്ടതും ഒരു സാമ്പത്തിക വർഷത്തിന്റെ അവസാന യോഗത്തിൽ വരുംവർഷത്തെ ബഡ്ജറ്റ് അംഗീകാരത്തിനായി വയ്ക്കേണ്ടതുമാണ്.

(2) ജനറൽ കൗൺസിൽ യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ് :

എന്നാൽ ബിരുദദാന ചടങ്ങിലോ, ഡിഗ്രികളോ സ്ഥാനങ്ങളോ മറ്റ് ബഹുമതികളോ നൽകുന്നതിനായി കൂടുന്ന യോഗങ്ങളിലോ അങ്ങെനെയുള്ള ക്വാറം നിർബന്ധമില്ലാത്തതാണ്.

(3) വൈസ് ചാൻസലർക്ക് യുക്തമെന്ന് ആദ്ദേഹത്തിന് തോന്നുന്ന ഏതു സമയത്തും അല്ലെങ്കിൽ ജനറൽ കൗൺസിലിലെ ഏറ്റവും കുറഞ്ഞത് പത്ത് അംഗങ്ങളെങ്കിലും ഒപ്പിട്ട ഒരു അർത്ഥനയിന്മേലും ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി ജനറൽ കൗൺസിലിന്റെ ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കാവുന്നതും ആ പ്രത്യേക യോഗം ഏത് ആവശ്യത്തിനാണോ കൂടിയത് ആ വിഷയം ഒഴികെ മറ്റൊരു വിഷയവും ആ യോഗത്തിൽ പരിഗണിക്കുവാൻ പാടില്ലാത്തതുമാണ്.

(4) ചാൻസലറുടേയും പ്രോ-ചാൻസലറുടേയും അഭാവത്തിൽ വൈസ്-ചാൻസലർ ജനറൽ കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

13. നിർവ്വാഹകസമിതി.—നിർവ്വാഹക സമിതി സർവ്വകലാശാലയുടെ മുഖ്യ നിർവ്വാഹക നികായം ആയിരിക്കേണ്ടതും അതിൽ ഇനിപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(എ) **എക്സ്-ഒഫിഷ്യോ അംഗങ്ങൾ**

(i) വൈസ് ചാൻസലർ ;

(ii) പ്രോ-വൈസ് ചാൻസലർ ;

(iii) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി ;

(iv) ധനകാര്യ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി ;

(v) സാംസ്കാരികകാര്യ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി ;

(vi) ഒരു വർഷക്കാലയളവിലേക്ക് വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റി ഉപദേശകസമിതിയുടെ രണ്ട് ചെയർമാൻമാർ ;

(vii) ഒരു വർഷക്കാലയളവിലേക്ക് വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഗവേഷണ കൗൺസിലിലെ ഒരു വൈസ്-ചെയർമാൻ.

(ബി) **തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ**

(i) ജനറൽ കൗൺസിലിലെ സ്കൂളുകളിലെ ഡയറക്ടർമാരിൽ നിന്നും ജനറൽ കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരംഗം ;

(ii) ജനറൽ കൗൺസിലിലെ അദ്ധ്യാപകരിൽ നിന്നും ജനറൽ കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരംഗം ;

(iii) ജനറൽ കൗൺസിലിലെ വിദ്യാർത്ഥികളിൽ നിന്നും ജനറൽ കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരംഗം.

(സി) **നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ**

ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ജനറൽ കൗൺസിലിൽ അംഗങ്ങളായ മൂന്ന് ശ്രേഷ്ഠരായ എഴുത്തുകാരും കലാകാരൻമാരും പണ്ഡിതന്മാരും.

14. നിർവ്വാഹകസമിതിയുടെ കാലാവധി.—(1) നിർവ്വാഹക സമിതിയിലെ തിരഞ്ഞെടുക്കപ്പെട്ട ഒരംഗം അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ട തീയതി മുതൽ ഒരു വർഷക്കാലം ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(2) നിർവ്വാഹകസമിതിയിലേക്ക് വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ ഒരു വർഷക്കാലം ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(3) നിർവ്വാഹകസമിതിയിലേക്ക് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം നാമനിർദ്ദേശം ചെയ്ത തീയതി മുതൽ ഒരു വർഷക്കാലത്തേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(4) നിർവ്വാഹകസമിതിയുടെ കാലാവധി ജനറൽ കൗൺസിലിന്റെ കാലാവധി യോടൊപ്പം അവസാനിക്കുന്നതാണ്.

(5) എക്സ്-ഒഫിഷ്യോ അംഗങ്ങളല്ലാത്ത യാതൊരാൾക്കും നിർവ്വാഹകസമിതിയിലെ അംഗമായി രണ്ട് തവണയിൽ കൂടുതൽ തുടർച്ചയായി ഔദ്യോഗിക സ്ഥാനം വഹിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(6) നിർവ്വാഹകസമിതി യോഗത്തിന്റെ ക്വാറം ഒൻപത് അംഗങ്ങളായിരിക്കുന്നതാണ്.

15. നിർവ്വാഹകസമിതിയുടെ അധികാരങ്ങൾ.—(1) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്കു വിധേയമായി സർവ്വകലാശാലയുടെ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങളുടേയും പൊതുവായ മേൽനോട്ടവും നിയന്ത്രണവും ഉൾപ്പെടെ സർവ്വകലാശാലയുടെ നിർവ്വഹണാധികാരം നിർവ്വാഹകസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി നിർവ്വാഹകസമിതിക്ക് ഇനിപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലേയും റെഗുലേഷനുകളിലേയും വ്യവസ്ഥകൾ പ്രകാരം ഏതൊരു ഭരണപരവും അക്കാഡമികവുമായ വിഷയങ്ങളിൽ തീരുമാനങ്ങൾ എടുക്കുക ;

(ബി) സർവ്വകലാശാലയുടെ വസ്തുവകകളും ഫണ്ടുകളും സൂക്ഷിക്കുകയും നിയന്ത്രിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുക ;

(സി) ഓർഡിനൻസുകൾ ഉണ്ടാക്കുകയും അവ ഭേദഗതിയോ റദ്ദോ ചെയ്യുകയും ചെയ്യുക ;

(ഡി) സർവ്വകലാശാലയുടെ പൊതുമുദ്രയുടെ രൂപം, സൂക്ഷിപ്പ്, ഉപയോഗം എന്നിവയെ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുക ;

(ഇ) സർവ്വകലാശാലയുടെ കീഴിലുള്ള ഏതൊരു സ്ഥാപനത്തിന്റെയോ പദ്ധതികളുടെയോ പ്രോജക്ടുകളുടെയോ പരിശോധന നടത്തുന്നതിനുള്ള ക്രമീകരണം ചെയ്യുകയും നിർദ്ദേശം നൽകുകയും ചെയ്യുക ;

(എഫ്) സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ സ്കൂളുകളും ഗവേഷണ പ്രോജക്ടുകളും മറ്റ് സ്ഥാപനങ്ങളും ഏർപ്പെടുത്തുകയും പരിപാലിക്കുകയും നടത്തിക്കുകയും ചെയ്യുക ;

(ജി) സർവ്വകലാശാലയിലെ അദ്ധ്യാപകരേയും മറ്റ് ജീവനക്കാരേയും നിയമിക്കുകയും അവരുടെ കർത്തവ്യങ്ങൾ നിർണ്ണയിക്കുകയും ചെയ്യുക ;

(എച്ച്) അക്കാഡമികമോ ഭരണപരമോ പ്രത്യേക വൈദഗ്ദ്ധ്യം ആവശ്യമുള്ളതോ നിർവ്വഹണ ചുമതലയുള്ളതോ ആയ തസ്തികകൾ സൃഷ്ടിക്കുകയും സ്ഥിരമായിട്ടോ വിനിർദ്ദേശിക്കുന്ന കാലയളവിലേക്കോ ആളുകളെ ഈ തസ്തികകളിൽ നിയോഗിക്കുകയും ചെയ്യുക ;

(ഐ) അതിന്റെ ശ്രദ്ധയിൽ വരുന്ന ഏതെങ്കിലും ക്രമവിരുദ്ധ പ്രവർത്തനങ്ങളിൽമേൽ അന്വേഷണത്തിന് ഉത്തരവിടുന്നതിനും സർവ്വകലാശാലയിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും അവരുടെ എതിർവാദത്തിന് മതിയായ അവസരം നൽകിയതിനുശേഷം സസ്പെന്റ് ചെയ്യുകയോ വിടുതൽ നൽകുകയോ ഡിസ്മിസ് ചെയ്യുകയോ അവർക്കെതിരായി ശിക്ഷണ നടപടികൾ സ്വീകരിക്കുകയോ ചെയ്യുക ;

(ജെ) വിദ്യാർത്ഥികൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും ഫെലോഷിപ്പു കളും സ്കോളർഷിപ്പുകളും മറ്റ് പ്രോത്സാഹനങ്ങളും അംഗീകാരവും നൽകുക ;

(കെ) സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും അനുയോജ്യമായ താമസസൗകര്യം ഉറപ്പാക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക ;

(എൽ) സർവ്വകലാശാലയുടെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക ബഡ്ജറ്റ് തയ്യാറാക്കുകയും അത് നടപ്പു സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിൽ ജനറൽ കൗൺസിൽ മുമ്പാകെ അവതരിപ്പിക്കുകയും ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള വരവും ചെലവും സമതുലിതമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക ;

(എം) സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ ആഡിറ്റ് ചെയ്യിക്കുകയും ആഡിറ്റ് ചെയ്ത കണക്കുകൾക്കും ധനകാര്യപത്രികയ്ക്കും അന്തിമരൂപം നൽകുകയും തുടർന്നുള്ള സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ജനറൽ കൗൺസിൽ മുമ്പാകെ അത് അവതരിപ്പിക്കാൻ ഇടയാക്കുകയും ചെയ്യുക ;

(എൻ) സർവ്വകലാശാലയുടെ പരീക്ഷകൾ നടത്തിപ്പിക്കുകയും ഫലം അംഗീകരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക ;

(ഒ) പഠന ബോർഡുകളിലെ അംഗങ്ങളെ നിയമിക്കുക ;

(പി) പരീക്ഷകരുടെ പാനലിന് അംഗീകാരം നൽകുകയും അവരുടെ പ്രതിഫലവും മറ്റ് വ്യവസ്ഥകളും നിശ്ചയിക്കുകയും ചെയ്യുക ;

(ക്യു) അതിന്റെ ഏതൊരു അധികാരവും വൈസ് ചാൻസലർക്ക് ഏൽപ്പിച്ചു കൊടുക്കുകയും ചെയ്യുക ;

(ആർ) അതിലെ അംഗങ്ങൾക്കിടയിൽ നിന്നും വിനിർദ്ദേശിക്കപ്പെട്ട ആവശ്യ ങ്ങൾക്കുവേണ്ടി സമിതികളെ നിയമിക്കുകയും അങ്ങനെയുള്ള സമിതികൾക്ക് അതിന്റെ ഏതൊരു അധികാരവും ഏൽപ്പിച്ചു കൊടുക്കുകയും ചെയ്യുക ;

(എസ്) ഏതൊരു പരീക്ഷയുടെ ഫലമോ ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാഫലമോ സാഹചര്യം അങ്ങനെയുള്ള നടപടി ആവശ്യപ്പെടുന്ന പക്ഷം, തടഞ്ഞു വയ്ക്കുകയോ റദ്ദാക്കുകയോ ചെയ്യുക ;

(റ്റി) സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ മുമ്പോട്ട് കൊണ്ടുപോകുന്നതിനായി സർവ്വകലാശാലയ്ക്കുവേണ്ടി എൻഡോവ്മെന്റുകളും സംഭാവനകളും സ്വീകരിക്കുകയും ഏതെങ്കിലും സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കളുടെ കൈമാറ്റം ചെയ്യുകയും ജനറൽ കൗൺസിലിന്റെ അടുത്ത യോഗത്തിന് ആയത് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക ;

(യു) സ്റ്റാറ്റ്യൂട്ടുകളാലും ഓർഡിനൻസുകളാലും റഗുലേഷനുകളാലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

16. അക്കാഡമിക് കൗൺസിൽ.—(1) ഇനിപ്പറയുന്ന അംഗങ്ങൾ അക്കാഡമിക് കൗൺസിലിൽ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ് ചാൻസലർ ;

(ബി) ഫാക്കൽറ്റികളുടെ ഡീനുകൾ ;

(സി) ഗവേഷണ കൗൺസിലിന്റെ വൈസ്-ചെയർമാൻ ;

(ഡി) വിദ്യാർത്ഥി ക്ഷേമ ഡയറക്ടർ ;

(ഇ) സർവ്വകലാശാല ലൈബ്രേറിയൻ ;

(എഫ്) സർവ്വകലാശാല മ്യൂസിയത്തിന്റെ ക്യൂറേറ്റർ ;

(ജി) സ്കൂളുകളുടെ ഡയറക്ടർമാർ ;

(എച്ച്) രജിസ്ട്രാർ ;

(ഐ) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഔന്നത്യമുള്ള മൂന്നു പണ്ഡിതർ.

(2) വിവിധ കലാരൂപങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരും അത് അഭ്യസിപ്പിക്കുന്നവരുമായ പത്തിൽ കുറയാതെയുള്ളവരെ അംഗങ്ങളായി അക്കാഡമിക് കൗൺസിലിന് കോ-ഓപ്റ്റ് ചെയ്യാവുന്നതാണ്.

(3) അക്കാഡമിക് കൗൺസിലിന്റെ അംഗസംഖ്യയുടെ മൂന്നിൽ ഒന്ന് അതിന്റെ യോഗത്തിന്റെ ക്വാറം ആയിരിക്കുന്നതാണ്.

17. അക്കാഡമിക് കൗൺസിലിന്റെ അധികാരങ്ങളും, ചുമതലകളും കർത്തവ്യങ്ങളും.—(1) അക്കാഡമിക് കൗൺസിലിന്, ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയുടെ അക്കാഡമിക് കാര്യങ്ങളിൽ മേൽനോട്ടം വഹിക്കേണ്ടതിനും പൊതുവായ നിയന്ത്രണം ഏർപ്പെടുത്തേണ്ടതിനും പഠനത്തിനും ഗവേഷണത്തിനും സർവ്വകലാശാലകളിലെ പരീക്ഷകളിലും ഉന്നത നിലവാരം നിലനിർത്തുന്നതിനും, സ്റ്റാറ്റ്യൂട്ടുകളാൽ നൽകപ്പെട്ടിട്ടുള്ള അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനും അക്കാഡമിക് മികവിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിനും ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, അക്കാഡമിക് കൗൺസിലിന് ഇനിപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) എല്ലാ അക്കാഡമിക് കാര്യങ്ങളിലും ജനറൽ കൗൺസിലിനും നിർവ്വാഹകസമിതിക്കും ഉപദേശം നൽകുക ;

(ബി) റെഗുലേഷനുകൾ ഉണ്ടാക്കുകയും അവ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുക ;

(സി) സർവ്വകലാശാല നടത്തിപ്പോരുന്ന സ്കൂളുകളിലേയും കേന്ദ്രങ്ങളിലേയും പഠനകോഴ്സുകൾ നിർണ്ണയിക്കുക ;

(ഡി) ഗവേഷണ കൗൺസിൽ ശുപാർശ ചെയ്തപ്രകാരം ഗവേഷണ പ്രോജക്റ്റുകളും ഗവേഷണ വിഷയങ്ങളും അംഗീകരിക്കുക ;

(ഇ) സർവ്വകലാശാലയിലെ അദ്ധ്യാപകർക്ക് നിർണ്ണയിക്കേണ്ട യോഗ്യത സംബന്ധിച്ച ശുപാർശകൾ നൽകുക ;

(എഫ്) വിവിധ പഠന കോഴ്സുകളിലേക്ക് വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള യോഗ്യതകൾ നിർണ്ണയിക്കുക ;

(ജി) വിദ്യാർത്ഥികൾക്ക് പരീക്ഷകൾക്ക് ഹാജരാകാനുള്ള അർഹത നിർണ്ണയിക്കുകയും മതിയായ കാരണങ്ങൾ രേഖപ്പെടുത്തി ഇളവ് അനുവദിക്കുകയും ചെയ്യുക ;

(എച്ച്) ബന്ധപ്പെട്ട ഫാക്കൽറ്റി ഉപദേശകസമിതികൾ നൽകിയ ഉപദേശം പരിഗണിച്ചശേഷം ബന്ധപ്പെട്ട പഠന ബോർഡുകളുടെ ശുപാർശയിന്മേൽ വിവിധ പഠന കോഴ്സുകൾക്കുള്ള പാഠ്യപദ്ധതി അംഗീകരിക്കുക ;

(ഐ) സർവ്വകലാശാലയിൽ ഏർപ്പെടുത്തിയിട്ടുള്ള ഒരു ചെയറിനുകീഴിൽ വിഭാവനം ചെയ്തിട്ടുള്ള അക്കാഡമിക പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അംഗീകരിക്കുക ;

(ജെ) സർവ്വകലാശാല നൽകിയ ഡിഗ്രികളും ഡിപ്ളോമകളും മറ്റ് അക്കാഡമിക ബഹുമതികളും അംഗീകരിക്കുന്നതിനുള്ള ശുപാർശ ചെയ്യുക ;

(കെ) ഫാക്കൽറ്റി ഉപദേശക സമിതികളുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപനത്തിനും ഗവേഷണത്തിനുമുള്ള വകുപ്പുകളുടെ രൂപീകരണത്തിനോ പുനഃരൂപീകരണത്തിനോ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക, പുനഃപരിശോധിക്കുക, രൂപഭേദപ്പെടുത്തുക അല്ലെങ്കിൽ പരിഷ്കരിക്കുക.

(എൽ) സർവ്വകലാശാലയിലെ പാഠ്യപദ്ധതിക്കും വിവിധ പഠന കോഴ്സുകൾക്കുള്ള അദ്ധ്യയനക്രമരീതിക്കും വേണ്ട ശുപാർശ നൽകുക ;

(എം) ഈ ആക്റ്റ്, സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ എന്നിവ പ്രകാരം നൽകിയിട്ടുള്ളതോ ഭരമേൽപ്പിച്ചിട്ടുള്ളതോ ആയ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

18. ഗവേഷണ കൗൺസിൽ.—(1)സർവ്വകലാശാലയ്ക്ക് ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കുന്നതും അത് വിവിധ വിഷയങ്ങളിന്മേലുള്ള സർവ്വകലാശാലയുടെ ഗവേഷണ പരിപാടികളും നയവും തീരുമാനിക്കുന്നതിൽ ഉത്തരവാദിയായിരിക്കുന്നതും പി എച്ച്. ഡി. നൽകുന്നതിനുള്ള ഗവേഷണ നിർദ്ദേശങ്ങളോ ഗവേഷണ പ്രോജക്റ്റുകളോ അവയെ അർത്ഥവത്താക്കുന്നതിനുവേണ്ടി പരിഗണിക്കുകയും അതിൽ മാറ്റം വരുത്തിയോ അല്ലാതെയോ അത് അംഗീകരിക്കേണ്ടതുമാണ്.

(2) ഗവേഷണ കൗൺസിലിന് അതിന്റെ മുൻപാകെ സമർപ്പിക്കപ്പെടുന്ന ഗവേഷണ നിർദ്ദേശങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിനു പുറമേ പ്രത്യേക മേഖലകളിൽ ഗവേഷണം നടത്തുന്നതിന് നിർദ്ദേശവും ഉപദേശവും നൽകാവുന്നതാണ്.

19. ഗവേഷണ കൗൺസിലിന്റെ രൂപീകരണം.—(1) വൈസ്-ചാൻസലർ ഗവേഷണ കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതും അതിൽ ഇനിപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതും ആണ്, അതായത്:—

(എ) ഫാക്കൽറ്റികളുടെ ഡീനുകൾ;

(ബി) സ്കൂളുകളുടെ ഡയറക്ടർമാർ ;

(സി) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ആറ് സമുന്നതരായ പ്രൊഫസർമാർ അവരിൽ ഒരാൾ വീതം സാഹിത്യമേഖല, സുകുമാരകലകൾ, നാടൻകലകൾ, സംഗീതം, പാരമ്പര്യ വിജ്ഞാനസമ്പ്രദായം, മാധ്യമങ്ങൾ എന്നിവയിൽ നിന്നും ആയിരിക്കേണ്ടതാണ്.

(2) സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും വിശാലമായ മേഖലകളിൽ നിന്നുള്ള മൂന്ന് വൈസ്-ചെയർമാൻമാർ ഗവേഷണ കൗൺസിലിൽ ഉണ്ടായിരിക്കേണ്ടതും അവരെ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്കിടയിൽ നിന്നും ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതുമാണ്.

20. ഫാക്കൽറ്റി ഉപദേശകസമിതികൾ.—(1) സർവ്വകലാശാലയിലെ ഓരോ ഫാക്കൽറ്റിയിലും പത്തിൽ കുറയാത്ത അംഗങ്ങളുള്ള ഒരു ഫാക്കൽറ്റി ഉപദേശക സമിതി ഉണ്ടായിരിക്കുന്നതും അവരിൽ ഒരാളെ ചെയർമാൻ ആയി സ്ഥാനനിർദ്ദേശം ചെയ്യേണ്ടതുമാണ്. ബന്ധപ്പെട്ട ഫാക്കൽറ്റിയുടെ ഡീൻ ഉപദേശകസമിതിയുടെ കൺവീനർ ആയിരിക്കേണ്ടതാണ്.

(2) ഫാക്കൽറ്റി ഉപദേശകസമിതിയിൽ പ്രമുഖരായ പണ്ഡിതന്മാർ, അഭിനേതാക്കൾ, കലാകാരൻമാർ, തർക്കമറ്റ ആധികാരികതയും ശ്രേഷ്ഠതയുമുള്ള എഴുത്തുകാർ എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്. വൈസ് ചാൻസലറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, അംഗങ്ങളും അതിന്റെ ചെയർമാനും അടങ്ങുന്ന സമിതി ചാൻസലർ രൂപീകരിക്കേണ്ടതാണ്. വൈസ്-ചാൻസലർ ഇത്തരം ശുപാർശകൾ നൽകുമ്പോൾ, അക്കാഡമിക യോഗ്യതയെക്കാൾ ഊന്നൽ നൽകേണ്ടത് അവരുടെ ശ്രേഷ്ഠതയ്ക്കും ആധികാരികതയ്ക്കുമായിരിക്കേണ്ടതാണ്.

21. ഫാക്കൽറ്റി ഉപദേശക സമിതികളുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1) ബന്ധപ്പെട്ട ഫാക്കൽറ്റികളിൽ തുടങ്ങുന്ന കോഴ്സുകൾ കൂടുതൽ സമഗ്രവും സമകാലികവും പ്രസക്തവും ആക്കുന്നതിന് ഫാക്കൽറ്റി ഉപദേശക സമിതി ഉപദേശവും മാർഗ്ഗനിർദ്ദേശവും നൽകേണ്ടതും ഫാക്കൽറ്റി ഉപദേശക സമിതികളുടെ നിർദ്ദേശങ്ങളും ശുപാർശകളും ഉപദേശങ്ങളും പഠന ബോർഡുകളിലും അക്കാഡമിക് കൗൺസിലിലും അല്ലെങ്കിൽ ആവശ്യമെന്നു കരുതുന്ന മറ്റേതെങ്കിലും നികായങ്ങളിലും വയ്ക്കേണ്ടതും ആണ്.

(2) ഏതെങ്കിലും പ്രശസ്തനായ അഭിനേതാവ്, കലാകാരൻ, പണ്ഡിതൻ അല്ലെങ്കിൽ എഴുത്തുകാരൻ അല്ലെങ്കിൽ മറ്റേതെങ്കിലും ആൾ ഇവരിൽ ആരെയാണോ വിസിറ്റിംഗ് ഫാക്കൽറ്റി, ഗുരു അല്ലെങ്കിൽ റെറ്റർ/ആർട്ടിസ്റ്റ്/സ്കോളർ ഇൻ റസിഡൻസ് അല്ലെങ്കിൽ എമറേറ്റ്സ് പ്രൊഫസർ എന്നിവരായി ഉപയോഗപ്രദമെന്ന് ഫാക്കൽറ്റി ഉപദേശക സമിതി പരിഗണിക്കുന്നത്, അവരെ ക്ഷണിക്കാൻ നിർദ്ദേശിക്കാവുന്നതും വിദ്യാർത്ഥിക ളുടെ പ്രയോജനത്തിനായി ഡീൻ അങ്ങനെയുള്ള നിർദ്ദേശങ്ങൾ വൈസ് ചാൻസലറുടെ അംഗീകാരത്തോടെ നടപ്പിലാക്കേണ്ടതുമാണ്.

(3) ചെയർമാനും നാല് അംഗങ്ങളും ഫാക്കൽറ്റി ഉപദേശക സമിതിയുടെ യോഗത്തിനുള്ള ക്വാറം ആയിരിക്കുന്നതും ഫാക്കൽറ്റി ഉപദേശക സമിതിയുടെ ചെയർമാന് ആവശ്യമാണെന്ന് കരുതുന്ന ഒന്നോ അതിലധികമോ യോഗങ്ങളിലേക്ക് ഏതെങ്കിലും വിദഗ്ദ്ധരെ ക്ഷണിക്കാവുന്നതാണ്.

22. ഫാക്കൽറ്റികൾ.—(1) സർവ്വകലാശാലയ്ക്ക് ഇനിപ്പറയുന്ന ഫാക്കൽറ്റികൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) മലയാള ഭാഷാ പഠന ഫാക്കൽറ്റി;

(ii) സാഹിത്യ ഫാക്കൽറ്റി;

(iii) കലാ ഫാക്കൽറ്റി;

(iv) പൈതൃത പഠന ഫാക്കൽറ്റി;

(v) പാരമ്പര്യ വിജ്ഞാന സമ്പ്രദായ ഫാക്കൽറ്റിയും ; കൂടാതെ

(vi) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ഫാക്കൽറ്റികളും.

(2) ഓരോ ഫാക്കൽറ്റിയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പഠനമേഖല കളിൽ സ്കൂളുകൾ സ്ഥാപിക്കേണ്ടതും ഓരോ സ്കൂളിനും സ്കൂളിന്റെ കാര്യങ്ങൾ നോക്കിനടത്തുന്നതിന് ഒരു ഡയറക്ടർ ഉണ്ടായിരിക്കേണ്ടതും ആണ്.

(3) ഓരോ സ്കൂളും നിർണ്ണയിക്കപ്പെടാവുന്ന പഠനകോഴ്സുകൾ ഏർപ്പെടുത്തേണ്ട താണ്.

(4) ഡീൻ തന്റെ കീഴിലുള്ള ഫാക്കൽറ്റിയുടെ ചെയർമാൻ ആയിരിക്കുന്നതും അദ്ദേഹം ഫാക്കൽറ്റിയിലെ സ്കൂളുകളിലെ പഠനത്തിന്റെയും പഠന ഗവേഷണ പദ്ധതി കളുടേയും ചുമതലക്കാരൻ ആയിരിക്കുന്നതുമാണ്. ഓരോ ഫാക്കൽറ്റിയുടെയും കീഴിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സംബന്ധിച്ചുള്ള അക്കാഡമി കവും ഭരണപരവുമായതും അദ്ധ്യാപന നടത്തിപ്പ്, ഗവേഷണം, പരീക്ഷ എന്നിവ ഉൾപ്പെടെയുള്ളതുമായ വിഷയങ്ങളിലും ഡീൻ ചുമതലക്കാരനായിരിക്കുന്നതാണ്.

(5) ഡീനിന്റെ ഫാക്കൽറ്റിയിലുള്ള അക്കാഡമിക ജോലിയും ഗവേഷണ പദ്ധതിയും നടപ്പിലാക്കുന്നതിന് ഉപദേശക സമിതിയും ഗവേഷണ കൗൺസിലും അദ്ദേഹത്തിന് മാർഗ്ഗനിർദ്ദേശം നൽകേണ്ടതാണ്.

23. പഠനബോർഡുകൾ.—(1) ഒരു ഫാക്കൽറ്റിയുടെ കീഴിലുള്ള ഒരോ സ്കൂളിനും ഒരു പഠന ബോർഡ് ഉണ്ടായിരിക്കേണ്ടതും, തുടങ്ങുന്ന ഓരോ പഠനകോഴ്സിനും വേണ്ട വിശദമായ പാഠ്യപദ്ധതി അത് ഉണ്ടാക്കേണ്ടതുമാണ്.

(2) നിർവ്വാഹക സമിതി, അക്കാഡമിക് കൗൺസിലിന്റെ ഉപദേശ പ്രകാരം, ഓരോ പഠന ബോർഡും രൂപീകരിക്കേണ്ടതാണ്.

(3) ഓരോ പഠന ബോർഡിനും സാധാരണയായി എട്ട് അംഗങ്ങൾ ഉണ്ടായിരിക്കുന്നതും അവർക്കിടയിൽ നിന്നും ഒരു ചെയർമാനെ അംഗങ്ങൾക്ക് തിരഞ്ഞെടുക്കാവുന്നതുമാണ്.

(4) ബന്ധപ്പെട്ട സ്കൂളിന്റെ ഡയറക്ടർ പഠന ബോർഡിന്റെ സെക്രട്ടറി ആയിരിക്കേണ്ടതും അദ്ദേഹം ചർച്ചകളുടെ രേഖകൾ സൂക്ഷിക്കേണ്ടതും അതിന്റെ ശുപാർശകൾ ഡീനിന് സമർപ്പിക്കേണ്ടതും അദ്ദേഹം അത് അക്കാഡമിക് കൗൺസിലിന്റെ മുൻപാകെ അവതരിപ്പിക്കാൻ ഇടയാക്കേണ്ടതുമാണ്.

(5) ഒരു പഠന ബോർഡിന്റെ കാലാവധി രണ്ട് വർഷം ആയിരിക്കുന്നതും, ഉചിതമാണെന്ന് കരുതുന്നപക്ഷം, നിർവ്വാഹക സമിതിയുടെ അംഗീകാരത്തോടെ ആറ് മാസത്തേക്ക് കൂടി കാലാവധി ദീർഘിപ്പിക്കാവുന്നതും ആണ്.

24. ഒഴിവുകൾ നികത്തലും അംഗങ്ങളെ നീക്കം ചെയ്യലും.—(1) സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങളിലെ യാതൊരു ഒഴിവും മൂന്ന് മാസത്തിലധികം ഒഴിച്ചിടാൻ പാടില്ലാത്തതാണ്.

(2) സർവ്വകലാശാലയിലെ ഏതെങ്കിലും അധികാരസ്ഥാനത്തിലെ ഒരു അംഗത്തിനെ, സാൻമാർഗിക അധഃപതനത്തിനോ അഴിമതിക്കോ ക്ഷമതയുള്ള കോടതിയാലോ അധികാരിയാലോ കുറ്റം സ്ഥാപിക്കപ്പെട്ട് ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷം ജനറൽ കൗൺസിലിന് നീക്കം ചെയ്യാവുന്നതാണ്.

25. സാധുതയുടെ സംരക്ഷണം.—(1) സർവ്വകലാശാലയിലെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ പ്രവൃത്തിയോ നടപടിക്രമങ്ങളോ അതിന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനതയുണ്ടായി എന്ന കാരണത്താലോ ഏതെങ്കിലും ഒഴിവ് നിലനിൽക്കുന്നതിനാലോ നടപടിക്രമങ്ങളിൽ പങ്കെടുത്ത ഏതെങ്കിലും ആളുടെ ഔദ്യോഗിക കാലാവധി ചോദ്യം ചെയ്യപ്പെടത്തക്കതാണെന്നുള്ള കാരണത്താലോ മാത്രം അസാധുവാകുന്നതല്ല.

(2) ഏതെങ്കിലും അധികാര സ്ഥാനത്തിലെയോ നികായത്തിലെയോ ഒരംഗത്തിന്റെ നാമനിർദ്ദേശത്തിന്റെ നിയമസാധുത സംബന്ധിച്ചുള്ള ഏതൊരു തർക്കവും ചാൻസലർക്ക് റഫർ ചെയ്യേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(3) ഈ ആക്റ്റിൽ മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, ഉത്തമ വിശ്വാസപൂർവ്വം സർവ്വകലാശാലയോ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാര സ്ഥാനമോ നികായമോ ചെയ്ത എല്ലാ പ്രവൃത്തികളും പുറപ്പെടുവിച്ച ഉത്തരവുകളും

അന്തിമമായിരിക്കുന്നതും, ഈ ആക്റ്റിനോ, സ്റ്റാറ്റ്യൂട്ടുകൾക്കോ, ഓർഡിനൻസുകൾക്കോ, റഗുലേഷനുകൾക്കോ അനുസൃതമായി ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യത്തിന് എതിരായി യാതൊരു വ്യവഹാരവും നൽകാനോ നഷ്ട പരിഹാരം ആവശ്യപ്പെടാനോ പാടില്ലാത്തതുമാണ്.

(4) ഈ ആക്റ്റോ സ്റ്റാറ്റ്യൂട്ടുകളോ ഓർഡിനൻസുകളോ റഗുലേഷനുകളോ പ്രകാരം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും പ്രവൃത്തികൾക്ക് ജനറൽ കൗൺസിലിന്റെ മുൻകൂർ അനുമതി ഇല്ലാതെ, വൈസ്-ചാൻസലർ ഒഴികെ സർവ്വകലാ ശാലയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റു ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല. ചാൻസിലറുടെ മുൻകൂർ അനുമതിയില്ലാതെ വൈസ്-ചാൻസലർക്കെതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് ഏതെങ്കിലും അന്വേഷണമോ ആരംഭിക്കുവാൻ പാടുള്ളതല്ല.

(5) ഈ ആക്റ്റ് പ്രകാരം നിയുക്തമായ കർത്തവ്യങ്ങൾ സ്വാഭാവിക രീതിയിൽ നിർവ്വഹിക്കുമ്പോഴോ ചുമതലകൾ നിറവേറ്റുമ്പോഴോ ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സർവ്വകലാശാലയുടെ യാതൊരു ഉദ്യോഗസ്ഥനോ മറ്റ് ജീവനക്കാരനോ ഏതെങ്കിലും സിവിലോ ക്രിമിനലോ ആയ നടപടികൾക്ക് വിധേയനാകുന്നതല്ല.

## അദ്ധ്യായം IV

## ചാൻസലറും പ്രോ-ചാൻസലറും

26. ചാൻസലർ.—(1) കേരള ഗവർണ്ണർ അദ്ദേഹത്തിന്റെ ഔദ്യാഗികസ്ഥാനം ഹേതുവായി സർവ്വകലാശാലയുടെ ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലർ, സർവ്വകലാശാലയുടെ തലവൻ ആയിരിക്കേണ്ടതും, സന്നിഹി തനായിരിക്കുമ്പോൾ ജനറൽ കൗൺസിലിന്റെ യോഗങ്ങളിലും സർവ്വകലാശാലയുടെ ഏതെങ്കിലും ബിരുദദാന ചടങ്ങിലും ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

(3) ഒരു ഓണററി ബിരുദം നൽകുന്നതിനായുള്ള ഓരോ നിർദ്ദേശവും ചാൻസലറുടെ സ്ഥിരീകരണത്തിന് വിധേയമായിരിക്കേണ്ടതാണ്.

(4) ചാൻസലർ, ഈ ആക്റ്റോ സ്റ്റാറ്റ്യൂട്ടുകളോ പ്രകാരം തനിക്ക് നൽകിയിട്ടു ള്ളതോ ഭരമേൽപ്പിച്ചിട്ടുള്ളതോ ആയ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗി ക്കേണ്ടതും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

27. പ്രോ-ചാൻസലർ.—(1) സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ചുമതല വഹിക്കുന്ന മന്ത്രി, തന്റെ ഔദ്യോഗികസ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലറുടെ അഭാവത്തിലോ അദ്ദേഹത്തിന് പ്രവർത്തിക്കാൻ കഴിയാത്ത അവസരത്തിലോ, പ്രോ-ചാൻസലർ ചാൻസലറുടെ എല്ലാ അധികാരങ്ങളും വിനിയോഗി ക്കേണ്ടതും എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്.

(3) പ്രോ-ചാൻസലർ, ചാൻസലർ രേഖാമൂലമുള്ള ഉത്തരവിലൂടെ പ്രോ-ചാൻസലർക്ക് ഏൽപ്പിച്ചുകൊടുക്കുന്ന ചാൻസലറുടെ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ കൂടി വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതും അപ്രകാരമുള്ള ഏൽപ്പിച്ചുകൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന അത്തരം നിയന്ത്രണങ്ങൾക്ക് വിധേയമായിരിക്കാവുന്നതുമാണ്.

## അദ്ധ്യായം V

## സർവ്വകലാശാലയുടെ ഉദ്യോഗസ്ഥർ

28. സർവ്വകലാശാലയുടെ ഉദ്യോഗസ്ഥർ.—താഴെ പറയുന്നവർ സർവ്വകലാശാലയുടെ ഉദ്യോഗസ്ഥർ ആയിരിക്കുന്നതാണ്, അതായത്:—

(i) വൈസ്-ചാൻസലർ ;

(ii) പ്രോ-വൈസ്-ചാൻസലർ ;

(iii) രജിസ്ട്രാർ ;

(iv) പരീക്ഷാ കൺട്രോളർ ;

(v) ഫൈനാൻസ് ആഫീസർ ;

(vi) ഫാക്കൽറ്റിയുടെ ഡീനുകൾ ;

(vii) സ്കൂളുകളുടെ ഡയറക്ടർമാർ ;

(viii) സർവ്വകലാശാല ലൈബ്രേറിയൻ ;

(ix) സർവ്വകലാശാല മ്യൂസിയത്തിന്റെ ക്യൂറേറ്റർ ;

(x) സർവ്വകലാശാലയുടെ ഉദ്യോഗസ്ഥനായി സ്റ്റാറ്റ്യൂട്ടുകളാൽ പ്രഖ്യാപിക്കപ്പെടുന്ന മറ്റ് ഏതൊരാളും.

29. വൈസ്-ചാൻസലർ.—(1) വൈസ്-ചാൻസലർ സർവ്വകലാശാലയുടെ ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതാണ്.

(2) ചാൻസലറുടെ ഒരു നോമിനി, സർക്കാരിന്റെ ഒരു പ്രതിനിധി, യു.ജി.സി. യുടെ ഒരു പ്രതിനിധി എന്നിവർ ഉൾക്കൊള്ളുന്ന ഒരു തിരഞ്ഞെടുപ്പ് സമിതിയുടെ ഉപദേശത്തിന്മേൽ ചാൻസലർ വൈസ്-ചാൻസലറെ നിയമിക്കേണ്ടതും ചാൻസലറുടെ നോമിനി തിരഞ്ഞെടുപ്പ് സമിതിയുടെ ചെയർമാൻ ആയിരിക്കുന്നതുമാണ് :

എന്നാൽ തിരഞ്ഞെടുപ്പ് സമിതി നൽകുന്ന ഉപദേശം ഏകകണ്ഠമല്ലായെങ്കിൽ ചാൻസലർക്ക് അതിന്റെ ഭൂരിപക്ഷം അംഗങ്ങളുടെ അഭിപ്രായം സ്വീകരിക്കാവുന്നതാണ്.

(3) തിരഞ്ഞെടുപ്പ് സമിതി, പരിഗണിക്കുവാൻ സാദ്ധ്യതയുള്ള സ്ഥാനാർത്ഥികളുടെ പേരുകൾ വ്യക്തികളിൽ നിന്നും നികായങ്ങളിൽനിന്നും ലഭിക്കുന്നതിനുവേണ്ടി അനുയോജ്യമെന്ന് കരുതുന്ന അതിന്റേതായ നടപടിക്രമം ഉണ്ടാക്കേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആദ്യ വൈസ്-ചാൻസലറെ, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് ശേഷം, അഞ്ച് വർഷത്തിൽ കവിയാതെയുള്ള ഒരു കാലാവധിയിലേക്ക് ചാൻസലർക്ക് തീരുമാനിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും ഉപാധികളിന്മേലും ചാൻസലർ നിയമിക്കേണ്ടതാണ്.

(5) വൈസ്-ചാൻസലർ അഞ്ച് വർഷക്കാലത്തേക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതും ഒരു തവണകൂടി പുനർനിയമനത്തിന് അർഹനായിരിക്കുന്നതും ആണ് :

എന്നാൽ ഈ വകുപ്പിൻ കീഴിൽ നിയമിക്കപ്പെടുന്ന വൈസ്-ചാൻസലർ അദ്ദേഹത്തിന് അറുപത്തി അഞ്ച് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ഔദ്യോഗികസ്ഥാനം ഒഴിയേണ്ടതാണ്.

(6) വൈസ്-ചാൻസലറുടെ വേതനവും വിശേഷാദായവും മറ്റ് സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

(7) വൈസ്-ചാൻസലർക്ക്, ചാൻസലറെ രേഖാമൂലം അറിയിച്ചുകൊണ്ട്, തന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(8) വൈസ്-ചാൻസലറുടെ രാജി, ചാൻസലർ സ്വീകരിച്ച് കർത്തവ്യങ്ങളിൽ നിന്നും അദ്ദേഹത്തെ വിടുതൽ ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(9) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിൽ താൽക്കാലികമായതോ സ്ഥിരമായതോ ആയ ഒഴിവ് വരുകയാണെങ്കിൽ, (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രസ്തുത ഒഴിവ് യഥാവിധി നികത്തുന്നതുവരെ ചാൻസലർ ആവശ്യമായ ഇടക്കാല ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും അങ്ങനെയുള്ള ഇടക്കാല ക്രമീകരണങ്ങൾ മൂന്ന് മാസത്തിൽ കൂടുതൽ തുടരാൻ പാടില്ലാത്തതുമാണ്.

30. വൈസ്-ചാൻസലറുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1) വൈസ്-ചാൻസലർ സർവ്വകലാശാലയുടെ മുഖ്യ നിർവ്വഹണാധികാരിയും അക്കാഡമിക ഉദ്യോഗസ്ഥനും നിർവ്വാഹക സമിതിയുടെയും അക്കാഡമിക് കൗൺസിലിന്റെയും എക്സ്-ഒഫീഷ്യോ ചെയർമാനും ആയിരിക്കുന്നതും ചാൻസലറുടെയും പ്രോ-ചാൻസലറുടെയും അഭാവത്തിൽ ജനറൽ കൗൺസിലിന്റെ യോഗങ്ങളിലും സർവ്വകലാശാലയുടെ ബിരുദദാന ചടങ്ങുകളിലും അദ്ധ്യക്ഷനായിരിക്കേണ്ടതും ബിരുദം സ്വീകരിക്കാൻ അർഹതയുള്ള ആളുകൾക്ക് അവ നൽകേണ്ടതുമാണ്.

(2) സർവ്വകലാശാലയുടെ കാര്യങ്ങൾ വൈസ്-ചാൻസലർ പൊതുവായി നിയന്ത്രിക്കേണ്ടതും സർവ്വകലാശാലയുടെ ശരിയായ നടത്തിപ്പിനും ഭരണ നിർവ്വഹണത്തിനും അദ്ദേഹം ഉത്തരവാദിയായിരിക്കുന്നതുമാണ്.

(3) വൈസ്-ചാൻസലർ ജനറൽ കൗൺസിലിന്റെയും നിർവ്വാഹക സമിതിയുടെയും അക്കാഡമിക് കൗൺസിലിന്റെയും യോഗങ്ങൾ വിളിച്ച് കൂട്ടേണ്ടതാണ്.

(4) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾ ശരിയായി പാലിക്കുന്നുണ്ടെന്ന് വൈസ്-ചാൻസലർ ഉറപ്പ് വരുത്തേണ്ടതും ഇക്കാര്യത്തിലേക്ക് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതുമാണ്.

(5) ബഡ്ജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും നിർവ്വാഹക സമിതിക്കും ജനറൽ കൗൺസിലിനും നൽകുന്നതിന് വൈസ്-ചാൻസലർ ഉത്തരവാദിയായിരിക്കുന്നതാണ്.

(6) വൈസ്-ചാൻസലറുടെ അഭിപ്രായത്തിൽ താൻ എന്തെങ്കിലും സത്വര നടപടി എടുക്കേണ്ടതായ അടിയന്തര സാഹചര്യം ഉണ്ടെന്ന് ബോധ്യമുള്ളപക്ഷം അദ്ദേഹത്തിന് ഏതൊരു നടപടിയും എടുക്കാവുന്നതും അങ്ങനെയുള്ള സംഗതിയിൽ അപ്രകാരം എടുത്ത നടപടി നിർവ്വാഹക സമിതിയുടെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(7) വൈസ്-ചാൻസലറുടെ ഏതെങ്കിലും ഉത്തരവുമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും നിർവ്വാഹകസമിതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(8) ജനറൽ കൗൺസിലിന്റെയും നിർവ്വാഹകസമിതിയുടെയും തീരുമാനങ്ങൾ വൈസ്-ചാൻസലർ നടപ്പിലാക്കേണ്ടതാണ്.

(9) സർവ്വകലാശാലയുടെ വിവിധ വകുപ്പുകളുടെ ശരിയായ ഏകോപനത്തിന് വൈസ്-ചാൻസലർ ഉത്തരവാദിയായിരിക്കുന്നതാണ്.

(10) നിർവ്വാഹക സമിതിയുടെ അംഗീകാരത്തോടുകൂടി വൈസ്-ചാൻസലർ ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി സർവ്വകലാശാലയിലെ അദ്ധ്യാപകരേയും മറ്റു ജീവനക്കാരേയും നിയമിക്കേണ്ടതാണ്.

(11) നിർവ്വാഹകസമിതിയുടെ സാധൂകരണത്തിന് വിധേയമായി, വൈസ്-ചാൻസലർക്ക് സർവ്വകലാശാലയിലെ അദ്ധ്യാപകരെയും മറ്റ് ജീവനക്കാരെയും സസ്പെൻഡ് ചെയ്യുന്നതിനും അവർക്കെതിരെ അച്ചടക്കനടപടി എടുക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(12) വൈസ്-ചാൻസലർ, വിദ്യാർത്ഥികൾക്കിടയിലെ അച്ചടക്കത്തിന്റെ മേൽനോട്ടവും നിയന്ത്രണവും കൈകാര്യം ചെയ്യേണ്ടതാണ്.

(13) സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും വിദ്യാർത്ഥികളുടേയും സൗഖ്യവും ക്ഷേമവും ഉറപ്പ് വരുത്തുന്നതിനുദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വൈസ്-ചാൻസലർ സ്വീകരിക്കേണ്ടതാണ്.

(14) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിൽ വരുത്തുന്നതിനാവശ്യമായ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വൈസ്-ചാൻസലർ വിനിയോഗിക്കേണ്ടതാണ്.

31. പ്രോ-വൈസ്-ചാൻസലർ.—(1) ചാൻസലർ, സർവ്വകലാശാലയ്ക്കു വേണ്ടി ഒരു പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ആൾക്ക് അൻപത്തിയാറ് വയസ്സ് കവിയാൻ പാടില്ലാത്തതാണ്.

(3) പ്രോ-വൈസ്-ചാൻസലറുടെ നിയമന കാലാവധി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചുവർഷമായിരിക്കുന്നതും, അദ്ദേഹം സർവ്വകലാശാലയുടെ ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതുമാണ്.

(4) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റു സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന വിധമായിരിക്കുന്നതാണ്.

(5) ഈ ആക്റ്റിലേയും, സ്റ്റാറ്റ്യൂട്ടുകളിലേയും, ഓർഡിനൻസുകളിലേയും, റെഗുലേഷനുകളിലേയും വ്യവസ്ഥകൾക്കു വിധേയമായി പ്രോ-വൈസ്-ചാൻസലറുടെ അധികാരങ്ങളും ചുമതലകളും വൈസ്-ചാൻസലറുമായി കൂടിയാലോചിച്ച് ചാൻസലർ തീരുമാനിക്കേണ്ടതാണ്.

32. രജിസ്ട്രാർ.—(1) രജിസ്ട്രാർ, സർവ്വകലാശാലയുടെ ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും സ്റ്റാറ്റ്യൂട്ടുകൾക്കനുസൃതമായി അങ്ങനെയുള്ള രീതിയിൽ നിയമിക്കപ്പെടേണ്ടതുമാണ്.

(2) രജിസ്ട്രാർ, സർവ്വകലാശാലയുടെ പൊതുമുദ്രയുടെ യഥാവിധിയുള്ള സൂക്ഷിപ്പിന് ഉത്തരവാദിയായിരിക്കുന്നതാണ്.

(3) രജിസ്ട്രാർ, ജനറൽ കൗൺസിലിന്റെയും നിർവ്വാഹകസമിതിയുടെയും അക്കാഡമിക് കൗൺസിലിന്റെയും എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതും അവയുടെ നടപടിക്രമങ്ങളുടെ ശരിയായ രേഖപ്പെടുത്തലിനും അവയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ അങ്ങനെയുള്ള എല്ലാ കാര്യങ്ങളും അങ്ങനെയുള്ള അധികാരികളുടെ മുമ്പാകെ വയ്ക്കുന്നതിനും ഉത്തരവാദിയായിരിക്കുന്നതാണ്.

(4) രജിസ്ട്രാർ, സർവ്വകലാശാലയിലെ വിവിധ കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷകൾ സ്വീകരിക്കേണ്ടതും അക്കാഡമിക് കൗൺസിലിന് യുക്തമെന്ന് തോന്നിയേക്കാവുന്ന എല്ലാ കോഴ്സുകളുടെയും പാഠ്യക്രമങ്ങളുടെയും മറ്റ് വിവരങ്ങളുടെയും ഒരു സ്ഥിരമായ റിക്കാർഡ് സൂക്ഷിച്ചുപോരേണ്ടതുമാണ്.

(5) നിർവ്വാഹകസമിതിയോ വൈസ്-ചാൻസലറോ ഏൽപ്പിച്ച് കൊടുത്തേക്കാവുന്നതോ നിർണ്ണയിച്ചേക്കാവുന്നതോ ആയ അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങളും രജിസ്ട്രാർ നിർവ്വഹിക്കേണ്ടതാണ്.

(6) അഞ്ച് വർഷത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക് രജിസ്ട്രാറെ നിയമിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന വേതനത്തിനും മറ്റു സേവന വ്യവസ്ഥകൾക്കും അദ്ദേഹത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

33. പരീക്ഷാ കൺട്രോളർ.—(1) പരീക്ഷാ കൺട്രോളർ സർവ്വകലാശാലയുടെ ഒരു മുഴുവൻസമയ ഉദ്യോഗസ്ഥനായിരിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കുന്ന പ്രകാരം നിർവ്വാഹകസമിതിയുടെ അംഗീകാരത്തോടുകൂടി വൈസ്-ചാൻസലർ അദ്ദേഹത്തെ നിയമിക്കേണ്ടതുമാണ്.

(2) കൃത്യസമയത്തുള്ള പരീക്ഷാ നടത്തിപ്പിനും ഫലപ്രസിദ്ധീകരണത്തിനും കൃത്യസമയത്ത് മാർക്ക് ഷീറ്റുകളും ബിരുദസർട്ടിഫിക്കറ്റുകളും നൽകുന്നതിനും പരീക്ഷാ കൺട്രോളർ ഉത്തരവാദിയായിരിക്കുന്നതാണ്.

(3) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ചോദ്യപ്പേപ്പറുകളുടെ രഹസ്യ സ്വഭാവം നിലനിർത്തുന്നതും പുറമേ നിന്നുള്ള പരീക്ഷകന്മാരെ കണ്ടെത്തുന്നതും രഹസ്യ സ്വഭാവമുള്ള അങ്ങനെയുള്ള മറ്റ് സംഗതികളും പരീക്ഷാ കൺട്രോളറുടെ ചുമതലയിലായിരിക്കുന്നതാണ്.

(4) വിദ്യാർത്ഥികളുടെയും ഗവേഷണ വിദ്യാർത്ഥികളുടെയും പരീക്ഷകളുടെയും മറ്റ് മൂല്യ നിർണ്ണയങ്ങളുടെയും റിക്കാർഡുകൾ സൂക്ഷിക്കുന്നതിനും അങ്ങനെയുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഫാക്കൽറ്റികളുടെ ഡീനുകൾക്ക് നൽകുന്നതിനും പരീക്ഷാ കൺട്രോളർ ഉത്തരവാദിയായിരിക്കുന്നതാണ്.

(5) പരീക്ഷാ കൺട്രോളറെ, അഞ്ച് വർഷത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക് നിയമിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന വേതനത്തിനും മറ്റു സേവന വ്യവസ്ഥകൾക്കും അദ്ദേഹം അർഹനായിരിക്കുന്നതുമാണ്.

34. ഫൈനാൻസ് ആഫീസർ.—(1) ഫൈനാൻസ് ആഫീസർ സർവ്വകലാശാലയുടെ ഒരു മുഴുവൻസമയ ഉദ്യോഗസ്ഥനായിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിലും മേൽ നിയമിക്കേണ്ടതുമാണ്.

(2) സർവ്വകലാശാലയുടെ ഫണ്ടുകളും നിക്ഷേപങ്ങളും ഫൈനാൻസ് ആഫീസർ കൈകാര്യം ചെയ്യേണ്ടതും സാമ്പത്തിക നയം സംബന്ധിച്ച വിഷയങ്ങളിൽ ഉപദേശം നൽകേണ്ടതുമാണ്.

(3) വാർഷിക ബഡ്ജറ്റ്, വരവ് ചെലവ് കണക്കുകളുടെ സ്റ്റേറ്റ്മെന്റ്, കാലാകാലങ്ങളിൽ ആവശ്യപ്പെടാവുന്ന മറ്റ് സാമ്പത്തിക റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കുന്നതിന് ഫൈനാൻസ് ആഫീസർ വൈസ്-ചാൻസലറോട് ഉത്തരവാദിയായിരിക്കുന്നതാണ്.

(4) സർവ്വകലാശാലയുടെ കണക്കുകൾ ഫൈനാൻസ് ആഫീസർ യഥാസമയം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ആഡിറ്റ് ചെയ്യിക്കേണ്ടതാണ്.

(5) ബഡ്ജറ്റിൽ അധികാരപ്പെടുത്തിയിട്ടുള്ളതല്ലാതെ മറ്റൊരു ചെലവും സർവ്വകലാശാല വരുത്തിയിട്ടില്ലെന്ന് ഉറപ്പാക്കുന്നതിന് ഫൈനാൻസ് ആഫീസർ വൈസ്-ചാൻസലറോട് ഉത്തരവാദി ആയിരിക്കുന്നതും ബഡ്ജറ്റിൽ അധികാരപ്പെടുത്തിയിട്ടില്ലാത്ത അങ്ങനെയുള്ള ചെലവുകൾ നിരാകരിക്കേണ്ടതുമാണ്.

(6) ബഡ്ജറ്റ് പരിഷ്കരണം ആവശ്യമായിട്ടുള്ളപ്പോൾ ബഡ്ജറ്റ് പരിഷ്കരണത്തിന് ഫൈനാൻസ് ആഫീസർ ഉത്തരവാദി ആയിരിക്കുന്നതും എന്നാൽ ഒരു സാമ്പത്തിക വർഷത്തിൽ രണ്ട് തവണയിൽ കൂടുതൽ ബഡ്ജറ്റ് പരിഷ്കരിക്കാൻ പാടില്ലാത്തതുമാണ്.

35. ഫാക്കൽറ്റികളുടെ ഡീനുകൾ.—(1) ഓരോ ഫാക്കൽറ്റിക്കും, നിർണ്ണയിക്കപ്പെടാവുന്ന അക്കാഡമിക യോഗ്യതകളും സേവന വ്യവസ്ഥകളും കാലാവധിയും ഉള്ള, ഒരു ഡീൻ തലവനായിരിക്കുന്നതാണ്.

(2) ഫാക്കൽറ്റിയുടെ അക്കാഡമികവും ഭരണപരവുമായ തലവൻ ഡീൻ ആയിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്നതും വൈസ്-ചാൻസലർ ഏൽപ്പിച്ചു നൽകുന്നതുമായ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും നിറവേറ്റേണ്ടതുമാണ്.

(3) ഡീനുകൾ അക്കാഡമികവും ഭരണപരവുമായ എല്ലാ വിഷയങ്ങളും വൈസ്-ചാൻസലർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(4) ഡീനുകൾ, ഫാക്കൽറ്റി ഉപദേശകസമിതികളുടെ എക്സ്-ഒഫീഷ്യോ കൺവീനറായിരിക്കുന്നതും സമിതിയുടെ ഉപദേശവും മാർഗ്ഗനിർദ്ദേശവും ആവശ്യമുള്ള എല്ലാ വിഷയങ്ങളും ഉപദേശകസമിതി മുമ്പാകെ വയ്ക്കേണ്ടതുമാണ്. ഒരു ഫാക്കൽറ്റിയുടെ കീഴിലുള്ള സ്കൂളുകളിലെ എല്ലാ പ്രധാന പ്രവർത്തനങ്ങളും വികസനങ്ങളും ഫാക്കൽറ്റി ഉപദേശകസമിതിയുടെ ചെയർമാനെ അറിയിച്ചുകൊണ്ടിരിക്കുകയെന്നത് ഡീനിന്റെ ഉത്തരവാദിത്വമായിരിക്കുന്നതാണ്.

(5) പരീക്ഷകൾ നടത്തുന്ന കാര്യത്തിലൊഴികെ, ഒരു ഫാക്കൽറ്റിയുടെ കീഴിലുള്ള വിവിധ അക്കാഡമിക പരിപാടികളുടെയും ഗവേഷണങ്ങളുടെയും ശരിയായ അക്കാഡമിക പ്രവർത്തനങ്ങളുടെ നടത്തിപ്പിന് ഡീനുകൾ ഉത്തരവാദിയായിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സാമ്പത്തിക അധികാരങ്ങൾ വിനിയോഗിക്കേണ്ടതുമാണ്.

(6) സർവ്വകലാശാലയിലെ ഓരോ വിദ്യാർത്ഥിയുടെയും ഗവേഷണ വിദ്യാർത്ഥിയുടെയും അക്കാഡമിക പ്രകടനങ്ങളുടെ വിവരങ്ങൾ മറ്റ് എല്ലാ പ്രസക്ത വിവരങ്ങളോടൊപ്പം ഒരു സമഗ്രമായ രേഖയായി ഡീനുകൾ സൂക്ഷിക്കേണ്ടതാണ്.

36. സ്കൂളുകളുടെ ഡയറക്ടർമാർ.—(1) ഡയറക്ടറെ, സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ വൈസ്-ചാൻസലർ നിർവ്വാഹക സമിതിയുടെ അംഗീകാരത്തോടെ നിയമിക്കേണ്ടതാണ്.

(2) ഡയറക്ടർ ഒരു സ്കൂളിന്റെ ഭരണപരമായ തലവൻ ആയിരിക്കുന്നതും സ്കൂളിന്റെ അക്കാഡമിക കാര്യങ്ങളുടെ ശരിയായ നടത്തിപ്പിന് അദ്ദേഹം ഉത്തരവാദി ആയിരിക്കുന്നതും ആണ്. നിർണ്ണയിക്കപ്പെടാവുന്നതോ ബന്ധപ്പെട്ട ഡീനുകൾ പ്രത്യേകമായി ഏൽപ്പിക്കുന്നതോ ആയ അധികാരങ്ങൾ ഡയറക്ടർമാർക്ക് ഉണ്ടായിരിക്കുന്നതാണ്.

(3) സ്കൂളിന്റെ അക്കാഡമിക കാര്യങ്ങളുടെ പുരോഗതി സംബന്ധിച്ച് കൃത്യമായ ക്രമത്തിൽ ഡയറക്ടർ ഫാക്കൽറ്റിയുടെ ഡീനിനോട് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(4) ഫാക്കൽറ്റി ഉപദേശകസമിതിയേയും സർവ്വകലാശാലയിലെ മറ്റ് അധികാരസ്ഥാനങ്ങളേയും അറിയിക്കുന്നതിനാവശ്യമായ എല്ലാ വിവരങ്ങളും ഡയറക്ടർ നൽകേണ്ടതാണ്.

37. സർവ്വകലാശാല ലൈബ്രേറിയൻ.—(1) സർവ്വകലാശാല ലൈബ്രേറിയനെ സ്റ്റാറ്റ്യൂട്ടുകൾക്കനുസൃതമായി നിർവ്വാഹക സമിതിയുടെ അംഗീകാരത്തോടെ വൈസ്-ചാൻസലർ നിയമിക്കേണ്ടതും അദ്ദേഹം ലൈബ്രറിക്ക് ആവശ്യമുള്ള സാധനങ്ങളുടെ വിലയ്ക്ക് വാങ്ങൽ, അനുക്രമണിക തയ്യാറാക്കൽ, വിതരണം ചെയ്യലും രസീത് നൽകലും, പുസ്തകങ്ങളുടെയും ജേർണലുകളുടെയും പരിപാലനം, മറ്റ് രൂപകൽപ്പന കളിലുള്ള മറ്റ് വിവരസാമഗ്രികൾ എന്നിവയുടെയെല്ലാം ഉത്തരവാദി ആയിരിക്കുന്നതു മാണ്.

(2) സർവ്വകലാശാല ലൈബ്രേറിയൻ, പുസ്തകങ്ങളും മറ്റ് കൈയെഴുത്ത് പ്രതികളും ആർജ്ജിക്കുന്നതിനും മറ്റ് സംഭരണ മാധ്യമങ്ങളിൽ നിന്നുള്ള വിവരങ്ങളും നെറ്റ്വർക്കിംഗ് മുഖേനയുള്ള വിവരങ്ങളും നേടുന്നതിനുമുള്ള സൗകര്യങ്ങൾ ലഭ്യമാക്കു ന്നതിനും, ഡീനുകളെയും ഡയറക്ടർമാരെയും സഹായിക്കേണ്ടതാണ്.

(3) വളരെ പ്രസക്തമായ പുസ്തകങ്ങളും ജേർണലുകളും ആർജ്ജിക്കുന്നതിലും സർവ്വകലാശാല ലൈബ്രറിയുടെ സാങ്കേതികവിദ്യാപരവും ബൗദ്ധികപരവുമായ നിലവാരം പരിപാലിക്കുന്നതിലും സർവ്വകലാശാല ലൈബ്രേറിയൻ ഉത്തരവാദി ആയിരിക്കുന്നതാണ്.

38. സർവ്വകലാശാല മ്യൂസിയത്തിന്റെ ക്യൂറേറ്റർ.—(1) സർവ്വകലാശാല മ്യൂസിയ ത്തിന്റെ ക്യൂറേറ്റർക്ക് നിർണ്ണയിക്കപ്പെടാവുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അദ്ദേഹത്തെ നിർവ്വാഹക സമിതിയുടെ അംഗീകാരത്തോടെ വൈസ്-ചാൻസലർ നിയമിക്കേണ്ടതുമാണ്.

(2) പ്രസക്തമായ കലാവസ്തുക്കളും പ്രദർശന വസ്തുക്കളും നിരന്തരമായി ആർജ്ജിച്ചുകൊണ്ട് മ്യൂസിയം തികച്ചും ആധുനികമാക്കുന്നതിൽ മ്യൂസിയം ക്യൂറേറ്റർ ഉത്തരവാദി ആയിരിക്കുന്നതാണ്.

(3) എഴുത്തുകാരുടെ കൈയെഴുത്തുപ്രതികൾ, വിവിധ വസ്തുക്കളിലുള്ള പഴയ കൈയെഴുത്തുപ്രതികൾ എന്നിവ ആർജ്ജിക്കുന്നതിലും സംരക്ഷിക്കുന്നതിലും ശരിയായി പ്രദർശിപ്പിക്കുന്നതിലും ക്യൂറേറ്റർ ഉത്തരവാദി ആയിരിക്കുന്നതാണ്.

(4) പ്രത്യേക അക്കാഡമികമോ ചരിത്രപരമോ ആയ വിലയുള്ള ഏതെങ്കിലും പ്രദർശന വസ്തുക്കൾ ആർജ്ജിക്കുന്നതിന് ക്യൂറേറ്റർ ഡീനുകളെയും ഡയറക്ടർമാരെയും സഹായിക്കേണ്ടതാണ്.

## അദ്ധ്യായം VI

## അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം

39. അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.— (1) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയിലെ ജീവനക്കാരെ നിർവ്വാഹകസമിതിയുടെ അംഗീകാരത്തോടെ വൈസ്-ചാൻസലർ നിയമിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലും സ്റ്റാറ്റ്യൂട്ടുകളിലും മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ,—

(എ) സർവ്വകലാശാലയിലെ ഏതൊരു ഉദ്യോഗസ്ഥനെയും അദ്ധ്യാപകനെയും രേഖാമൂലമുള്ള ഒരു കരാർ പ്രകാരം നിയമിക്കേണ്ടതാണ് ;

(ബി) കരാർ, വൈസ്-ചാൻസലർ സൂക്ഷിക്കേണ്ടതും അതിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ അദ്ധ്യാപകനോ നൽകേണ്ടതുമാണ് ;

(സി) കരാർ, ഈ ആക്റ്റിലും സേവന വ്യവസ്ഥകളെ സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായിരിക്കുവാൻ പാടുള്ളതല്ല.

(3) സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരെയും അദ്ധ്യാപകരെയും മറ്റ് ജീവനക്കാരെയും തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം, ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലായിരിക്കേണ്ടതാണ്.

(4) രജിസ്ട്രാറും, ഫാക്കൽറ്റികളുടെ ഡീനുകളും സ്കൂളുകളിലെ ഡയറക്ടർമാരും സാധാരണഗതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന വയസ്സ് അറുപത് ആയിരിക്കുന്നതാണ്.

(5) വൈസ്-ചാൻസലറും പ്രോ-വൈസ്-ചാൻസലറും (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ളവരും ഒഴികെ സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരും അദ്ധ്യാപകരും സാധാരണഗതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന വയസ്സ് അമ്പത്തി ആറ് ആയിരിക്കുന്നതാണ്.

40. നിയമനങ്ങളുടെ സംവരണം.—പട്ടികജാതിക്കാർക്കും പട്ടികഗോത്രവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്നവർക്കും സർക്കാരിന്റെ കീഴിലുള്ള തസ്തികകളിലേക്കുള്ള നിയമനങ്ങൾക്ക് ബാധകമായ സംവരണ ചട്ടങ്ങൾ സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും നിയമനത്തിന്റെ കാര്യത്തിൽ ബാധകമായിരിക്കുന്നതാണ്.

## അദ്ധ്യായം VII

## ഫണ്ടുകളും കണക്കുകളും

41. സർവ്വകലാശാല ഫണ്ടുകളും ഗ്രാന്റുകളും.—(1) സർവ്വകലാശാലയ്ക്ക് ഒരു പൊതുഫണ്ട് ഉണ്ടായിരിക്കേണ്ടതും അതിൽ ഇനിപ്പറയുന്നവ വരവ് വയ്ക്കേണ്ടതുമാണ്, അതായത്:—

(എ) ഫീസുകൾ, എൻഡോവ്മെന്റുകൾ, ഗ്രാന്റുകൾ എന്നിവയിൽ നിന്നും അതിന് എന്തെങ്കിലും വരുമാനമുണ്ടെങ്കിൽ അതും ;

(ബി) സർക്കാർ ചുമത്തിയേക്കാവുന്ന അങ്ങനെയുള്ള വ്യവസ്ഥകളിന്മേൽ, സർക്കാർ അപ്രകാരമുള്ള ഫണ്ടിലേക്ക്, നൽകിയേക്കാവുന്ന സംഭാവനകളോ ഗ്രാന്റുകളോ ; കൂടാതെ

(സി) മറ്റ് വരവുകളും.

(2) സർവ്വകലാശാല ഫൗണ്ടേഷൻ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതും അതിലേക്ക് വരവ് വയ്ക്കുന്നതിനായി കേന്ദ്ര സർക്കാരും കേരള സർക്കാരും നൽകുന്ന സംഭാവനകളും ഗ്രാന്റുകളും സർവ്വകലാശാലകളിൽ നിന്നുള്ള അങ്ങനെയുള്ള മറ്റ് തുകകളും പ്രസ്തുത ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

(3) ഫൗണ്ടേഷൻ ഫണ്ടിലുള്ള പണം 1882-ലെ ഇൻഡ്യൻ ട്രസ്റ്റ് ആക്റ്റ് (1882-ലെ 2-ാം കേന്ദ്ര ആക്റ്റ്) 20-ാം വകുപ്പ് (എ) മുതൽ (ഡി) വരെയുള്ള ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ളതോ പരാമർശിച്ചിട്ടുള്ളതോ ആയ സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടതാണ്.

(4) സർവ്വകലാശാല, സർക്കാർ നൽകിയിട്ടുള്ള ഏതെങ്കിലും ഗ്രാന്റുമായി ബന്ധപ്പെട്ട് സർക്കാരിന് ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള സ്റ്റേറ്റ്മെന്റുകളും കണക്കുകളും റിപ്പോർട്ടുകളും മറ്റ് വിവരങ്ങളും കൊടുക്കേണ്ടതും, ഏതെങ്കിലും ഗ്രാന്റിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും നടപടികൾ എടുക്കേണ്ടതും അങ്ങനെയുള്ള സ്റ്റേറ്റ്മെന്റുകളും കണക്കുകളും റിപ്പോർട്ടുകളും മറ്റ് വിശദവിവരങ്ങളും നൽകേണ്ടതുമാണ്.

(5) സർവ്വകലാശാലയ്ക്ക് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നതിലേക്കായി കേരള സർക്കാരിൽ നിന്നോ മറ്റ് സംസ്ഥാന സർക്കാരുകളിൽ നിന്നോ ലഭിക്കുന്ന ഗ്രാന്റുകൾ കൈപ്പറ്റുന്നതിനും സർവ്വകലാശാലയും നൽകുന്ന ആളും അല്ലെങ്കിൽ ദാനദാതാവും തമ്മിൽ സമ്മതിച്ച പ്രകാരം അങ്ങനെയുള്ള നിബന്ധനകളിന്മേലുള്ള സംഭാവനകൾ കൈപ്പറ്റുന്നതിനും ക്ഷമതയുണ്ടായിരിക്കുന്നതാണ്.

(6) സർവ്വകലാശാലയ്ക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ഫണ്ടുകളും ഉണ്ടായിരിക്കുന്നതാണ്.

(7) പൊതുഫണ്ടും ഫൗണ്ടേഷൻ ഫണ്ടും സർവ്വകലാശാലയുടെ മറ്റ് ഫണ്ടുകളും സ്റ്റാറ്റ്യൂട്ടുകളിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പ്രകാരം നോക്കിനടത്തേണ്ടതാണ്.

(8) സർക്കാർ ഇനിപ്പറയുന്ന പ്രകാരം ലാപ്സായിപ്പോകാത്ത തരത്തിലുള്ള ലംപ്സം ഗ്രാന്റുകൾ ഓരോ വർഷവും സർവ്വകലാശാലയ്ക്ക് നൽകേണ്ടതാണ്, അതായത്:—

(എ) സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, യാദൃശ്ചിക ചെലവുകൾ, സപ്ലൈകളും സർവ്വീസുകളും എന്നിവയുടെ മതിപ്പ് ചെലവിൽ കുറയാത്ത ഒരു ഗ്രാന്റ് ;

(ബി) സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണെന്ന് സർക്കാർ കരുതുന്ന ആവർത്തകവും അനാവർത്തകവുമായ അധിക ചെലവുകൾ വഹിക്കുന്നതിനുള്ള ഒരു ഗ്രാന്റ്.

42. പെൻഷൻ, പ്രോവിഡന്റ് ഫണ്ട് മുതലായവ.—സർവ്വകലാശാല, സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെയും അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും ഗുണത്തിനായി, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾക്ക് വിധേയമായി, അതിന് യുക്തമെന്ന് കരുതുന്ന പെൻഷനും ഇൻഷ്വറൻസും പ്രോവിഡന്റ് ഫണ്ടുകളും രൂപീകരിക്കേണ്ടതാണ് :

എന്നാൽ, സർവ്വകലാശാലയ്ക്ക് 42-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ധനകാര്യ കമ്മിറ്റിയുമായി ആലോചിച്ച് അത് തീരുമാനിക്കുന്ന രീതിയിൽ പ്രോവിഡന്റ് ഫണ്ട് തുക നിക്ഷേപിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

43. ധനകാര്യകമ്മിറ്റി.—(1) സർവ്വകലാശാലയ്ക്ക് വൈസ്-ചാൻസലറും സർക്കാരിന്റെ ധനകാര്യ വകുപ്പ് സെക്രട്ടറിയും അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനും സർവ്വകലാശാലയുടെ ഫൈനാൻസ് ആഫീസറും നിർവ്വാഹകസമിതിയിലെ രണ്ട് അംഗങ്ങളും, അവരിൽ ഒരാൾ അതിലെ ഔദ്യോഗിക അംഗങ്ങളിൽ നിന്നും മറ്റൊരാൾ അതിലെ എക്സ്-ഒഫീഷ്യോ അംഗങ്ങളിൽ നിന്നും നിർവ്വാഹക സമിതി തീരുമാനിക്കുന്നവർ, ഉൾപ്പെടുന്ന ഒരു ധനകാര്യ കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്.

(2) ധനകാര്യകമ്മിറ്റിക്ക് ഇനിപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ പരിശോധിക്കുകയും അതിന്മേൽ നിർവ്വാഹകസമിതിക്ക് ഉപദേശം നൽകുകയും ചെയ്യുക ;

(ബി) സർവ്വകലാശാലയുടെ വാർഷിക ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ പരിശോധിക്കുകയും അതിന്മേൽ നിർവ്വാഹകസമിതിക്ക് ഉപദേശം നൽകുകയും ചെയ്യുക ;

(സി) സർവ്വകലാശാലയുടെ ധനസ്ഥിതി കാലാകാലങ്ങളിൽ പുനഃപരിശോധന നടത്തുക ;

(ഡി) സർവ്വകലാശാലയുടെ ധനകാര്യവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും നിർവ്വാഹകസമിതിക്ക് ശുപാർശകൾ ചെയ്യുക ;

(ഇ) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതും എന്നാൽ ചെലവ് ചെയ്യേണ്ടിവരികയും അല്ലെങ്കിൽ ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തുകയിൽ കവിഞ്ഞ ചെലവ് ചെയ്യേണ്ടിവരികയും ചെയ്യുന്നതുമായ എല്ലാ നിർദ്ദേശങ്ങളേയും സംബന്ധിച്ച് നിർവ്വാഹക സമിതിക്ക് ശുപാർശകൾ ചെയ്യുക.

44. കണക്കും ആഡിറ്റും.—(1) വൈസ്-ചാൻസലറുടെ നിർദ്ദേശപ്രകാരം ഫൈനാൻസ് ആഫീസർ സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ തയ്യാറാക്കേണ്ടതും ഏത് മാർഗ്ഗത്തിൽ നിന്നും സർവ്വകലാശാല ആർജ്ജിക്കുന്നതോ സ്വീകരിക്കുന്നതോ ആയ എല്ലാ തുകകളും സർവ്വകലാശാല ചെലവഴിക്കുന്നതും കൊടുക്കുന്നതുമായ എല്ലാ തുകകളും കണക്കുകളിൽ ചേർക്കേണ്ടതുമാണ്.

(2) സർവ്വകലാശാലയുടെ കണക്കുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ആഡിറ്റ് ചെയ്യേണ്ടതാണ് :

എന്നാൽ, സർക്കാർ നൽകിയിട്ടുള്ളതും സർവ്വകലാശാല വിനിയോഗിച്ചതുമായ ഗ്രാന്റുകൾ സംബന്ധിച്ചുള്ള സർവ്വകലാശാലയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) കണക്കുകൾ ആഡിറ്റ് ചെയ്തതിനുശേഷം അച്ചടിക്കേണ്ടതും അവയുടെ പകർപ്പുകൾ ആഡിറ്റ് റിപ്പോർട്ടോടുകൂടി വൈസ്-ചാൻസലർ ജനറൽ കൗൺസിലിനും നിർവ്വാഹക സമിതിക്കും ചാൻസലർക്കും സമർപ്പിക്കേണ്ടതുമാണ്.

(4) നിർവ്വാഹകസമിതി, കണക്കുകളുടെ ഒരു പകർപ്പും ആഡിറ്റ് റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടിന്മേൽ സർവ്വകലാശാല എടുത്തിട്ടുള്ള നടപടികളുടെ ഒരു സ്റ്റേറ്റ്മെന്റോടുകൂടി സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ അത് സംസ്ഥാന നിയമസഭ മുമ്പാകെ വയ്പിക്കേണ്ടതുമാണ്.

## അദ്ധ്യായം VIII

## സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും റഗുലേഷനുകളും ഉത്തരവുകളും

45. സ്റ്റാറ്റ്യൂട്ടുകൾ.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്റ്റാറ്റ്യൂട്ടുകളിൽ ഇനിപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) ഈ ആക്റ്റിൽ സ്പഷ്ടമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങളുടെ രൂപീകരണവും അധികാരങ്ങളും കർത്തവ്യങ്ങളും ;

(ബി) ഈ ആക്റ്റിൽ സ്പഷ്ടമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ അധികാരങ്ങളും കർത്തവ്യങ്ങളും ;

(സി) ജനറൽ കൗൺസിലിലെയും സർവ്വകലാശാലയുടെ മറ്റ് അധികാരസ്ഥാനങ്ങളിലെയും അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമവും ഈ നികായങ്ങളെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നത് ആവശ്യമോ അഭികാമ്യമോ ആയിരിക്കാവുന്ന അങ്ങനെയുള്ള മറ്റെല്ലാ കാര്യങ്ങളും ;

(ഡി) ബിരുദങ്ങൾ, ഡിപ്ലോമകൾ, പദവികൾ, സർട്ടിഫിക്കറ്റുകൾ, മറ്റു അക്കാഡമിക ബഹുമതികൾ എന്നിവ സർവ്വകലാശാല നൽകുന്നത് സംബന്ധിച്ച് ;

(ഇ) ബിരുദങ്ങൾ, ഡിപ്ലോമകൾ, പദവികൾ, സർട്ടിഫിക്കറ്റുകൾ, മറ്റു അക്കാഡമിക ബഹുമതികൾ എന്നിവ പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യുന്നത് സംബന്ധിച്ച് ;

(എഫ്) ബിരുദങ്ങൾ നൽകുന്നതിന് ബിരുദദാന ചടങ്ങുകൾ നടത്തുന്നത് സംബന്ധിച്ച് ;

(ജി) ബഹുമതി ബിരുദങ്ങൾ നൽകുകയും പിൻവലിക്കുകയും ചെയ്യുന്നത് ;

(എച്ച്) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റു സേവന വ്യവസ്ഥകളും;

(ഐ) അദ്ധ്യാപകരുടേയും അദ്ധ്യാപകേതര ജീവനക്കാരുടേയും തരംതിരിക്കലും നിയമനരീതിയും ;

(ജെ) ഫാക്കൽറ്റികളുടെ സ്ഥാപനവും സംയോജനവും ഉൾപ്പിരിവും ഇല്ലാതാക്കലും ;

(കെ) ചെയറുകളുടെ പ്രവർത്തനം സംബന്ധിച്ച് ;

(എൽ) സർവ്വകലാശാലയുടെ കണക്കുകൾ സൂക്ഷിച്ചുപോരുന്നതും വാർഷിക ബഡ്ജറ്റ് തയ്യാറാക്കുകയും പാസ്സാക്കുന്നതും സംബന്ധിച്ച് ;

(എം) ഈ ആക്റ്റ് പ്രകാരം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് എല്ലാ സംഗതികളും.

46. സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.—(1) ജനറൽ കൗൺസിലിന് സ്വമേധയാ സ്റ്റാറ്റ്യൂട്ടിന്റെ കരട് പരിഗണിക്കാവുന്നതാണ് :

എന്നാൽ അങ്ങനെയുള്ള ഏതൊരു സംഗതിയിലും സ്റ്റാറ്റ്യൂട്ട് പാസ്സാക്കുന്നതിന് മുമ്പ്, ജനറൽ കൗൺസിൽ നിർവ്വാഹകസമിതിയുടെ അഭിപ്രായം ആരായുകയും അത് പരിഗണിക്കുകയും ചെയ്യേണ്ടതാണ്.

(2) നിർവ്വാഹകസമിതിക്ക് ഏതൊരു സ്റ്റാറ്റ്യൂട്ടിന്റെയും കരട് സംബന്ധിച്ച നിർദ്ദേശം ജനറൽ കൗൺസിൽ മുമ്പാകെ വയ്ക്കാവുന്നതും അങ്ങനെയുള്ള കരട് ജനറൽ കൗൺസിൽ അതിന്റെ തൊട്ടടുത്ത യോഗത്തിൽ പരിഗണിക്കേണ്ടതുമാണ്.

(3) ജനറൽ കൗൺസിലിന്, സ്റ്റാറ്റ്യൂട്ടിന്റെ കരട് അംഗീകരിച്ച് പാസ്സാക്കുകയോ അത് തള്ളിക്കളയുകയോ ജനറൽ കൗൺസിൽ നിർദ്ദേശിക്കാവുന്ന ഭേദഗതികളോടുകൂടി പൂർണ്ണമായോ ഭാഗികമായോ പുനഃപരിഗണിക്കുന്നതിനായി നിർവ്വാഹക സമിതിക്ക് അത് മടക്കി അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം ജനറൽ കൗൺസിൽ മടക്കി അയയ്ക്കുന്ന ഏതെങ്കിലും കരട്, ജനറൽ കൗൺസിൽ നിർദ്ദേശിച്ച ഭേദഗതികളോടുകൂടി നിർവ്വാഹക സമിതി വീണ്ടും പരിഗണിച്ചതിനുശേഷം അതിന്മേലുള്ള നിർവ്വാഹകസമിതിയുടെ റിപ്പോർട്ടോടുകൂടി അത് വീണ്ടും ജനറൽ കൗൺസിൽ മുമ്പാകെ വയ്ക്കേണ്ടതും, അപ്പോൾ ജനറൽ കൗൺസിൽ കരടിന്മേൽ അതിന് യുക്തമെന്ന് തോന്നുന്ന തീരുമാനം എടുക്കേണ്ടതുമാണ്.

(5) ജനറൽ കൗൺസിൽ ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പാസ്സാക്കുന്നിടത്ത്, അത് ചാൻസലർക്ക് സമർപ്പിക്കേണ്ടതും അദ്ദേഹത്തിന് സ്റ്റാറ്റ്യൂട്ട് വീണ്ടും പരിഗണി ക്കുന്നതിനായി ജനറൽ കൗൺസിലിന് തിരികെ റഫർ ചെയ്യുകയോ അനുമതി നൽകുകയോ അനുമതി നൽകാതിരിക്കുകയോ ചെയ്യാവുന്നതുമാണ്.

(6) ജനറൽ കൗൺസിൽ പാസ്സാക്കുന്ന യാതൊരു സ്റ്റാറ്റ്യൂട്ടും ചാൻസലർ അതിന് അനുമതി നൽകുന്നതുവരെ സാധുവായിരിക്കുകയോ പ്രാബല്യത്തിൽ വരികയോ ചെയ്യുന്നതല്ല.

(7) നിർവ്വാഹകസമിതി സർവ്വകലാശാലയുടെ ഏതെങ്കിലും സ്ഥാപനത്തിന്റെ അധികാര പദവിയെയോ അധികാരങ്ങളെയോ ഘടനയെയോ ബാധിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടിന്റെ ഭേദഗതിയോ, അങ്ങനെയുള്ള അധികാരസ്ഥാനത്തിന് ആ നിർദ്ദേശം സംബന്ധിച്ചുള്ള അതിന്റെ അഭിപ്രായം പ്രകടിപ്പിക്കുന്നതിന് അവസരം നൽകുന്നതുവരെ നിർദ്ദേശിക്കുവാൻ പാടില്ലാത്തതും അങ്ങനെ പ്രകടിപ്പിക്കുന്ന ഏതൊരു അഭിപ്രായവും രേഖാമൂലമായിരിക്കേണ്ടതും നിർവ്വാഹകസമിതി അത് പരിഗണിക്കേണ്ടതുമാണ്.

47. ഓർഡിനൻസുകൾ.—ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്കു വിധേയമായി, നിർവ്വാഹകസമിതിക്ക് ഇനിപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥചെയ്യുന്ന ഓർഡിനൻസുകൾ ഉണ്ടാക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സർവ്വകലാശാലയിലും അതിൻകീഴിൽ ഉള്ള മറ്റു സ്ഥാപനങ്ങളിലും ഫീസ് ചുമത്തൽ ;

(ബി) സർവ്വകലാശാലയിലെ അദ്ധ്യാപകവിഭാഗത്തിന്റെ പ്രവൃത്തിഭാരവും ഘടനയും ;

(സി) സർവ്വകലാശാലയിലെ വിവിധ തസ്തികകൾക്കുള്ള ശമ്പള സ്കെയിലുകളും സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ സേവന നിബന്ധനകളും ഉപാധികളും ;

(ഡി) വിദ്യാർത്ഥികളുടെ താമസ സൗകര്യവും അച്ചടക്കവും ; കൂടാതെ,

(ഇ) ഈ ആക്റ്റിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ വ്യവസ്ഥകളനുസരിച്ച് ഓർഡിനൻസുകളാൽ വ്യവസ്ഥ ചെയ്യേണ്ടതോ ചെയ്യാവുന്നതോ ആയ മറ്റെല്ലാ കാര്യങ്ങളും.

48. ഓർഡിനൻസുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.—(1) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന എല്ലാ ഓർഡിനൻസുകൾക്കും, നിർവ്വാഹകസമിതി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതും, എന്നാൽ ഉണ്ടാക്കുന്ന ഓരോ ഓർഡിനൻസും റദ്ദാക്കുന്ന ഏതെങ്കിലും ഓർഡിനൻസും, ജനറൽ കൗൺസിലിന്റെ തൊട്ടടുത്തുവരുന്ന യോഗത്തിൽ വയ്ക്കേണ്ടതും ആണ്.

(2) (1)-ാം ഉപവകുപ്പിൻ പ്രകാരം ഏതെങ്കിലും ഓർഡിനൻസോ ഒരു ഓർഡിനൻസിന്റെ റദ്ദാക്കലോ ജനറൽ കൗൺസിലിന്റെ മുമ്പാകെ വയ്ക്കാത്തപക്ഷം, അതതു സംഗതിപോലെ, ഓർഡിനൻസിന് പ്രാബല്യമില്ലാതായിത്തീരുന്നതും അല്ലെങ്കിൽ റദ്ദാക്കപ്പെട്ട ഓർഡിനൻസ് ജനറൽ കൗൺസിലിന്റെ അടുത്തുവരുന്ന യോഗത്തിനുശേഷം പ്രാബല്യത്തിൽ വരുന്നതും ആകുന്നു.

(3) ചെലവ് അന്തർഭവിക്കുന്നതായ ഓർഡിനൻസുകൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അല്ലാതെ നിർവ്വാഹക സമിതി പാസ്സാക്കാൻ പാടുള്ളതല്ല.

(4) (1)-ഉം (3)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഓർഡിനൻസുകൾ ഉണ്ടാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

49. റഗുലേഷനുകൾ.—ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, ഇനിപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കു വേണ്ടി അക്കാഡമിക് കൗൺസിലിന് റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്, അതായത്:—

(എ) പഠന കോഴ്സുകളും പരീക്ഷകളുടെ നടത്തിപ്പും ;

(ബി) വിവിധ പഠന കോഴ്സുകളിലേക്കും പരീക്ഷകൾക്കും വിദ്യാർത്ഥികളുടെ പ്രവേശനം ;

(സി) അദ്ധ്യാപകരുടെ യോഗ്യതകൾ ;

(ഡി) പഠന ബോർഡുകളുടെയും പരീക്ഷകരുടെയും നിയമനവും അവരുടെ കർത്തവ്യങ്ങൾ നിർണ്ണയിക്കലും ;

(ഇ) മറ്റ് സർവ്വകലാശാലകളുടെ പരീക്ഷകളെയും ബിരുദങ്ങളെയും ഡിപ്ലോമകളെയും ഈ സർവ്വകലാശാലയുടെ പരീക്ഷകൾക്കും ബിരുദങ്ങൾക്കും ഡിപ്ലോമകൾക്കും തത്തുല്യമായി അംഗീകരിക്കൽ ; കൂടാതെ

(എഫ്) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരം റഗുലേഷനുകൾമൂലം നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റെല്ലാ സംഗതികളും.

50. റഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.—(1) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന എല്ലാ റഗുലേഷനുകൾക്കും അക്കാഡമിക് കൗൺസിൽ നിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതും, എന്നാൽ അങ്ങനെ ഉണ്ടാക്കുന്ന ഓരോ റഗുലേഷനും ജനറൽ കൗൺസിൽ മുമ്പാകെ അതിന്റെ തൊട്ടടുത്തുവരുന്ന യോഗത്തിൽ വയ്ക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, റഗുലേഷനുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.

51. ഉത്തരവുകൾ.—(1) നിർവ്വാഹകസമിതിക്ക്, ഈ ആക്റ്റിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ ഓർഡിനൻസുകളിലെയോ റഗുലേഷനുകളിലെയോ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള ബോർഡുകളുടെയും സമിതികളുടെയും മറ്റ് നികായങ്ങളുടെയും മാർഗ്ഗനിർദ്ദേശത്തിനും നടത്തിപ്പിനും വേണ്ടിയും ജനറൽ കൗൺസിൽ ഒഴികെയുള്ള

സർവ്വകലാശാലയുടെ മറ്റ് അധികാരസ്ഥാനങ്ങളുടെ യോഗങ്ങളിലെ നടപടിക്രമവും കാര്യനിർവ്വഹണവും ക്രമപ്പെടുത്തുന്നതിനുവേണ്ടിയും ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഉത്തരവുകൾ പുറപ്പെടുവിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള എല്ലാ ഉത്തരവുകൾക്കും നിർവ്വാഹകസമിതി നിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതും, എന്നാൽ അങ്ങനെയുള്ള ഓരോ ഉത്തരവും ജനറൽ കൗൺസിലിൽ അതിന്റെ തൊട്ടടുത്തുവരുന്ന യോഗത്തിൽ സമർപ്പിക്കേണ്ടതും ആണ്.

(3) അങ്ങനെയുള്ള ഏതൊരു ഉത്തരവും റദ്ദാക്കുന്നതിനോ രൂപഭേദപ്പെടുത്തുന്നതിനോ ജനറൽ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

52. ഗസറ്റിൽ പ്രസിദ്ധീകരിക്കൽ.—ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന എല്ലാ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും റഗുലേഷനുകളും ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

## അദ്ധ്യായം IX

## പലവക

53. സർവ്വകലാശാല പരിശോധിപ്പിക്കുവാനും അന്വേഷണം നടത്തിക്കാനുമുള്ള സർക്കാരിന്റെ അധികാരം.—(1) സർക്കാരിന്, അത് നിർദ്ദേശിക്കുന്ന ആളിനെയോ ആളുകളെയോകൊണ്ട് സർവ്വകലാശാലയുടെയും അതിന്റെ കെട്ടിടങ്ങളുടെയും ലൈബ്രറികളുടെയും മ്യൂസിയത്തിന്റെയും, സർവ്വകലാശാല പരിപാലിച്ചുകൊണ്ടുപോരുന്നതോ ഭരിക്കുന്നതോ ആയ ഏതൊരു സ്ഥാപനത്തിന്റെയും, സർവ്വകലാശാലയോ അതിന്റെ ആഭിമുഖ്യത്തിലോ നടത്തുന്ന അദ്ധ്യാപനത്തിന്റെയും മറ്റു പണികളുടെയും, കൂടാതെ സർവ്വകലാശാല നടത്തുന്ന മറ്റു ഏതൊരു പ്രവർത്തനത്തിന്റെയും നടത്തിപ്പും പരിശോധിപ്പിക്കുവാനും സർവ്വകലാശാലയുടെ ഭരണ നിർവ്വഹണവും സാമ്പത്തിക കാര്യങ്ങളും ആയി ബന്ധപ്പെട്ട ഏതൊരു സംഗതിയെപ്പറ്റിയും അന്വേഷണം നടത്തിപ്പിക്കുവാനുമുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം ഒരു പരിശോധനയോ അല്ലെങ്കിൽ അന്വേഷണമോ നടത്തുന്നതിനു മുമ്പ് സർക്കാർ പരിശോധനയോ അന്വേഷണമോ നടത്തുവാനുള്ള തങ്ങളുടെ ഉദ്ദേശ്യം അറിയിച്ചുകൊണ്ടുള്ള നോട്ടീസ് രേഖാമൂലം വൈസ്-ചാൻസലർക്ക് നൽകേണ്ടതും അപ്രകാരമുള്ള പരിശോധനയിലോ അന്വേഷണത്തിലോ ഹാജരാകാനും പറയാനുള്ളത് പറയുവാനും അവകാശമുള്ള ഒരു സർവ്വകലാശാല പ്രതിനിധിയെ നിയോഗിക്കുവാൻ വൈസ്-ചാൻസലർക്ക് അവകാശമുണ്ടായിരിക്കുന്നതുമാണ്.

(3) അപ്രകാരമുള്ള പരിശോധനയുടെയോ അന്വേഷണത്തിന്റെയോ ഫലത്തെ സംബന്ധിച്ച സർക്കാരിന്റെ അഭിപ്രായം സർക്കാർ സർവ്വകലാശാലയെ അറിയിക്കേണ്ടതും അതിന്മേൽ സർവ്വകലാശാലയുടെ അഭിപ്രായം എന്താണെന്നു തിട്ടപ്പെടുത്തിയതിനുശേഷം എടുക്കേണ്ട നടപടിയെപ്പറ്റി സർവ്വകലാശാലയെ സർക്കാർ ഉപദേശിക്കേണ്ടതും അപ്രകാരമുള്ള നടപടി എടുക്കുന്നതിന് സമയപരിധി നിശ്ചയിക്കേണ്ടതുമാണ്.

(4) സർക്കാർ നൽകിയ ഉപദേശത്തിന്മേൽ തങ്ങൾ എടുത്തതോ എടുക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ നടപടി, അങ്ങനെ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ സർവ്വകലാശാല സർക്കാരിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(5) സർക്കാരിന് തൃപ്തികരമായവിധം നിശ്ചിത സമയപരിധിക്കുള്ളിൽ സർവ്വകലാശാല നടപടി എടുക്കാതിരുന്നാൽ സർവ്വകലാശാല നൽകിയ ഏതെങ്കിലും വിശദീകരണമോ നിവേദനമോ പരിഗണിച്ചശേഷം സർക്കാരിന് അതിന് യുക്തമെന്ന് തോന്നുന്ന അപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(6) സർവ്വകലാശാല ഒന്നുകിൽ 5-ാം ഉപവകുപ്പിൻ കീഴിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുകയോ അല്ലെങ്കിൽ സംഗതി ചാൻസലറുടെ മുൻപാകെ അദ്ദേഹത്തിന്റെ ഉത്തരവിനായി വയ്ക്കുകയോ ചെയ്യേണ്ടതും ചാൻസലർ പുറപ്പെടുവിക്കുന്ന ഉത്തരവ് അന്തിമമായിരിക്കുന്നതുമാണ്.

(7) (1) മുതൽ (6) വരെയുള്ള ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയുടെ കാര്യങ്ങൾ അതിന്റെ ലക്ഷ്യങ്ങൾക്കനുസൃതമായിട്ടോ അഥവാ ഈ ആക്റ്റിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ ഓർഡിനൻസുകളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടോ അല്ല നടത്തിപ്പോരുന്നതെന്നോ അഥവാ സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ ഫലപ്രദമായി സാക്ഷാത്കരിക്കുന്നതിന് പ്രത്യേക നടപടികൾ ആവശ്യമാണെന്നോ ഏതെങ്കിലും സമയത്ത് സർക്കാരിന് അഭിപ്രായമുള്ള പക്ഷം, വിശദീകരണം ആഗ്രഹിക്കുന്ന ഏതെങ്കിലും സംഗതിയെ സംബന്ധിച്ച് സർവ്വകലാശാലയ്ക്ക് സർക്കാർ സൂചന നൽകാവുന്നതും സർക്കാർ നിർദ്ദേശിക്കുന്ന അപ്രകാരമുള്ള സമയത്തിനുള്ളിൽ അങ്ങനെയുള്ള വിശദീകരണം നൽകുവാൻ സർവ്വകലാശാലയോട് ആവശ്യപ്പെടാവുന്നതുമാണ്.

(8) (7)-ാം ഉപവകുപ്പു പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള സമയപരിധിക്കുള്ളിൽ എന്തെങ്കിലും വിശദീകരണം നൽകുന്നതിൽ സർവ്വകലാശാല വീഴ്ച വരുത്തുകയോ അഥവാ സർക്കാരിന്റെ അഭിപ്രായത്തിൽ തൃപ്തികരമല്ലാത്ത ഒരു വിശദീകരണം നൽകുകയോ ചെയ്യുന്നപക്ഷം സംഗതിയുടെ സാഹചര്യങ്ങൾക്കനുസൃതമായി ആവശ്യമെന്നോ അഭിലഷണീയമെന്നോ സർക്കാരിന് തോന്നുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ സർക്കാരിന് പുറപ്പെടുവിക്കാവുന്നതാണ്.

(9) സർവ്വകലാശാല ഒന്നുകിൽ 8-ാം ഉപവകുപ്പു പ്രകാരം സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിക്കുകയോ അല്ലെങ്കിൽ സംഗതി ചാൻസലറുടെ മുൻപാകെ അദ്ദേഹത്തിന്റെ ഉത്തരവിനായി വയ്ക്കുകയോ ചെയ്യേണ്ടതും, ചാൻസലർ പുറപ്പെടുവിക്കുന്ന ഉത്തരവ് അന്തിമമായിരിക്കുന്നതുമാണ്.

(10) സർവ്വകലാശാലയുടെ ഭരണത്തെ സംബന്ധിച്ച് സർക്കാർ ആവശ്യപ്പെടുന്ന പ്രകാരമുള്ള വിവരങ്ങൾ സർവ്വകലാശാല നൽകേണ്ടതാണ്.

54. വിദ്യാർത്ഥികളുടെ താമസം.—നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാല പരിപാലിച്ചുപോരുന്നതോ വിദ്യാർത്ഥികളുടെ ക്ഷേമത്തിന്റെ ഡയറക്ടർ അംഗീകരിച്ചിട്ടുള്ളതോ ആയ താമസസ്ഥലങ്ങളിൽ വിദ്യാർത്ഥികൾ താമസിക്കേണ്ടതാണ്.

55. വാർഷിക റിപ്പോർട്ട്.—(1) വൈസ്-ചാൻസലറുടെ നിർദ്ദേശപ്രകാരം സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അത് ജനറൽ കൗൺസിൽ പരിഗണിക്കേണ്ട യോഗത്തിന് കുറഞ്ഞത് ഒരു മാസത്തിനുമുമ്പെങ്കിലും നിർവ്വാഹക സമിതി മുഖേന ജനറൽ കൗൺസിലിന് സമർപ്പിക്കേണ്ടതുമാണ്.

(2) ജനറൽ കൗൺസിൽ വാർഷിക റിപ്പോർട്ട് പരിഗണിച്ചതിനുശേഷം, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അഭിപ്രായത്തോടുകൂടി സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ റിപ്പോർട്ടിന്റെ ഒരു പകർപ്പ് അതിന്റെ അഭിപ്രായത്തോടുകൂടി നിയമസഭ മുമ്പാകെ വയ്പ്പിക്കേണ്ടതുമാണ്.

56. ആദ്യ അധികാരസ്ഥാനങ്ങളുടെ നാമനിർദ്ദേശങ്ങൾ.—ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയുടെ ആദ്യത്തെ എല്ലാ അധികാര സ്ഥാനങ്ങളും, ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതിനുശേഷം കഴിയുന്നത്ര വേഗം ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതും, അപ്രകാരം നാമനിർദ്ദേശം ചെയ്യുന്ന തീയതി മുതൽ രണ്ടു വർഷക്കാലത്തേക്കോ അഥവാ ഈ ആക്റ്റിലെ വ്യവസ്ഥകൾ ക്കനുസൃതമായി പ്രസ്തുത അധികാരസ്ഥാനങ്ങൾ രൂപീകരിക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ തുടരാവുന്നതാണ്.

57. അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കൽ.—ജനറൽ കൗൺസിലിന്, ഈ ആക്റ്റ് പ്രകാരമോ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമോ അതിനു നൽകപ്പെട്ടിട്ടുള്ള ഏതൊരു അധികാരവും, സർവ്വകലാശാലയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാന ത്തിനോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായി, വിനിയോഗിക്കുന്നതിനായി ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

58. ആദ്യ സ്റ്റാറ്റ്യൂട്ടുകൾ.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ടുകൾ സർക്കാർ ഉണ്ടാക്കേണ്ടതാണ്.

59. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവുമൂലം ആ വൈഷമ്യം നീക്കംചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത തുമായ ഏതു കാര്യവും ചെയ്യാവുന്നതാണ്:

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ മൂന്ന് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പ് പ്രകാരം യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പുപ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ഓരോ ഉത്തരവും അത് പ്രസിദ്ധീകരിച്ചതിനുശേഷം കഴിയുന്നത്ര വേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

60. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ഓർഡിനൻസ് (2013-ലെ 31) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 മാർച്ച് 25.

പി. ഡി. ശാരംഗധരൻ,
*സെക്രട്ടറി.*